മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 07 | THE ONLINE OFFICIAL NEWS BULLETIN | 2026 February 12

SEASON OF THE GREAT LENT ❖ വലിയ നോമ്പുകാലം ❖ ܙܒܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
15 (1) Pethurtha hadbšabo-d-qatné (Cana) 1st Sunday of Great Lent	16 (5) Sawmo rabo/tesmesto-d-subqono Great lent begins Reconciliation Service 14th Mem. of Sabha Ratnam Geevarghese Mar Osthathios Metropolitan ✠ (St. Paul's Chapel, Mavelikkara)	17 (1)	18 (5)	19 (1) 64th Mem. of Elias Mar Julius ✠ (Manjanikkara Dayara)	20 (5)	21 (8) Comme. of St. Ephrem & Mar Theodorus Comme. Of Thimothios of Alexandria



കോയമ്പത്തൂർ തടാകം ക്രിസ്തുശിഷ്യ ആശ്രമത്തിന്റെ നവതി സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.




2026 ഫെബ്രുവരി 3-നു നാഗ്പൂരിലെ സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ വജ്രജൂബിലി ആഘോഷിച്ചു. പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ മുഖ്യാതിഥിയായിരുന്നു. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു.



നാഗ്പൂർ സെന്റ് തോമസ് സെമിനാരി കോൺവൊക്കേഷനിൽ പ. കാതോലിക്കാ ബാവാ ബിരുദ സമർപ്പണം നടത്തുന്നു.



ബോംബെ ഭദ്രാസനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വാഷിയിൽ നടന്ന സമ്മേളനത്തിൽ വെച്ച് ഫാ. സാം ഉമ്മൻ പനക്കാമറ്റം രചിച്ച പുസ്തകത്തിന്റെ പ്രകാശനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു.



Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department



77 വർഷങ്ങൾ എത്ര അത്ഭുതകരമായാണ് ഉടയതമ്പുരാൻ വഴി നടത്തിയത്!

പ്രാർത്ഥന മാത്രം കൈമുതലായുണ്ടായിരുന്ന ഒരു അപ്പന്റെയും അമ്മയുടെയും മകനായി ജനിക്കുവാൻ സാധിച്ചു എന്നതാണ് ജീവിതത്തിലെ വലിയ ഭാഗ്യം.

എന്റെ അമ്മ കണ്ണുനീർ വറ്റാത്ത കണ്ണുകളോടെ എപ്പോഴും പറയുമായിരുന്നു - മോൻ കരഞ്ഞു പ്രാർത്ഥിച്ചാൽ മതി ദൈവം കൂടെയിരുന്നു വഴി നടത്തികൊള്ളുമെന്ന്. അന്ന് അമ്മ പറഞ്ഞത് എത്രയോ സത്യമായിരുന്നു!

ഇല്ലായ്മകളിലും പ്രയാസങ്ങളിലും ദാരിദ്ര്യത്തിലും കഷ്ടതകളിലുമെല്ലാം അമ്മയുടെ മകനെ ദൈവം കൈപിടിച്ചു വഴി നടത്തി.

കിനാവ് കാണുവാൻ പോലും കഴിയാത്ത വഴികളിൽ കൂടിയെല്ലാം തമ്പുരാൻ ഒരു പിഞ്ചു കുഞ്ഞിനെ എന്നവണ്ണം കൈവിരലുകളിൽ പിടിച്ചു വഴി നടത്തി.

ഇന്നോർക്കുമ്പോൾ അതെല്ലാം വിസ്മയവും ആശ്ചര്യവുമാണ്.

മലങ്കരയിലെ വിശ്വാസ സമൂഹത്തിന്റെ കളങ്കമില്ലാത്ത സ്നേഹവും പ്രാർത്ഥനകളും കരുതലും സ്വീകരിച്ച് അവരോടൊപ്പം ദൈവസഭയെ നയിക്കുവാനുള്ള വലിയ ഭാഗ്യവും ദൈവം നൽകി.

പരിശുദ്ധ പൗലോസ് അപ്പോസ്തോലൻ പറയുന്നതുപോലെ ഇതിനെല്ലാം ഞാൻ പ്രാപ്തനാണെന്നല്ല- ലഭിച്ചതെല്ലാം ദൈവത്തിന്റെ ദാനമത്രേ ആകുന്നു!.

സ്വന്തം മാതാപിതാക്കളെക്കാൾ അധികം നമ്മെ സ്നേഹിക്കുകയും നമുക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന നമ്മുടെ ആത്മീയ മക്കളായ വിശ്വാസികളുടെ പ്രാർത്ഥനകളുടെ കരുത്താണ് ബലഹീനനായ നമ്മെ നയിക്കുന്നത്. അതിനാൽ നിരാശയോ ആശാഭംഗങ്ങളോ മാനസിക സംഘർഷങ്ങളോ പ്രയാസങ്ങളോ ഒന്നും നമ്മെ ബാധിക്കുന്നേയില്ല.

പരിശുദ്ധ കാതോലിക്കാ സിംഹാസനത്തോടുള്ള നിങ്ങളുടെ ഹൃദയ അടുപ്പമാണ് ഈ പ്രാർത്ഥനകൾക്ക് നിദാനം എന്ന് നമുക്കറിയാം. എല്ലാ കാലവും ഈ പരിശുദ്ധ സിംഹാസനത്തെയും പരിശുദ്ധ സഭയെയും വേറൊന്നും പ്രതീക്ഷിക്കാതെ നിങ്ങൾ നെഞ്ചോട് ചേർത്ത് പിടിച്ചവരാണ്. സത്യമായും! നിങ്ങളുടെ പ്രാർത്ഥനകൾ മാത്രമാണ് നമ്മുടെ ബലം.

അടുത്തുമകലെയുമായി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള എത്രയോ അധികംപേർ ഈ ജന്മദിനത്തിൽ പ്രാർത്ഥനകളും ആശംസകളും നമുക്ക് അർപ്പിച്ചു.

നമ്മുടെ സഹോദരി സഭാ പിതാക്കൻമാരോടും, സഹോദര മെത്രാപ്പോലീത്തമാരോടും സഭാ സ്ഥാനികളോടും വാത്സല്യ വൈദിക സഹോദരങ്ങളോടും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ സ്നേഹിതരോടും നമ്മുടെ സന്തോഷവും കിരീടവും ആയ എല്ലാ ആത്മീയ മക്കളോടും ഹൃദയപൂർവ്വം നന്ദി.

പരിശുദ്ധ സഭയ്ക്കായും നമുക്കായും നിങ്ങൾ തുടർന്നും പ്രാർത്ഥിക്കണമേ..

- പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ



ആഘോഷങ്ങൾ ഒഴിവാക്കി മക്കൾക്കൊപ്പം ഇടയൻ. മലങ്കരസഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കോഴിമല ആശാഭവനിൽ ജൻമദിനം ചെലവഴിച്ചു. ഫെബ്രുവരി 19-നു ജൻമദിനം ആഘോഷിക്കുന്ന മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായും പരിശുദ്ധ ബാവാ തിരുമേനിയും ചേർന്ന് ജൻമദിനകേക്ക് മുറിക്കുകയും വൃക്ഷത്തെ നടുകയും ചെയ്തു.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ ജന്മദിനാഘോഷം പരുമല ആശുപത്രിയിൽ നടത്തപ്പെട്ടു. ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു.



സണ്ടേസ്കൂൾ ബാഹ്യകേരള ഭദ്രാസന നേതൃത്വ സമ്മേളനത്തിൽ പ. കാതോലിക്കാ ബാവായുടെ ജന്മദിനം കേക്ക് മുറിച്ച് ആഘോഷിച്ചു.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1958)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



1958 ഏപ്രിൽ

4 വെള്ളി. ദുഃഖവെള്ളിയാഴ്ച[72] ആയിരുന്നു. 8 മണിയോടു കൂടി പ്രഭാത നമസ്ക്കാരം ആരംഭിച്ചു. അതിനുശേഷം കെ. ജെ. വർഗീസ് ശെമ്മാശ്ശൻ പ്രസംഗിച്ചു. അതിനുശേഷം 7 1/2 യുടെ നമസ്ക്കാരം തുടങ്ങി. അതിനുശേഷം മാനേജർ മാത്യൂസ് കത്തനാരും പ്രസംഗിച്ചു. അതിന്റെ ശേഷം പ്രദക്ഷിണവും ബാക്കി ശുശ്രൂഷയും ആരംഭിച്ചു. 4 മണിയോടു കൂടി ശുശ്രൂഷ അവസാനിച്ചു. നാം വിശ്രമിച്ചു. കളത്ര യാക്കോബ് കത്തനാരും മാനേജരും നമ്മോടു കൂടി താമസിച്ചു.

1958 ഏപ്രിൽ 5 ശനിയാഴ്ച. പരുമല സെമിനാരിയിൽ. ദുഃഖശനിയാഴ്ച[73] രാത്രി നമസ്ക്കാരം 4 മണിക്ക് ആരംഭിച്ചു. അതിനുശേഷം 7 മണിക്ക് പ്രഭാത നമസ്ക്കാരം നടത്തി. 11 മണിക്ക് ഉച്ചനമസ്ക്കാരവും തുടർന്ന് കുർബാനയും ശുബുക്കോനോ ശുശ്രൂഷയും[74] നടത്തി. പരുമല സെമിനാരി മാനേജർ മാത്യൂസ് കത്തനാർ വി. കുർബാന ചൊല്ലി. കളത്ര ജേക്കബ് കത്തനാർ, കെ. ജെ. വർഗ്ഗീസ് ശെമ്മാശൻ, ... വി. ഐ. മാത്യൂസ് ശെമ്മാശ്ശൻ,[75] മോടിശ്ശേരിൽ പുന്നൂസ് ശെമ്മാശ്ശൻ, മാന്നാർകാരൻ കെ. എൽ. ജോർജ്ജ് ശെമ്മാശ്ശൻ നമ്മോടു കൂടെ വന്നിരുന്ന ശമുവേൽ ശെമ്മാശ്ശൻ,[76] ഫീലിപ്പോസ് ശെമ്മാശ്ശൻ, പി. വി. കോശി ശെമ്മാശ്ശൻ[77] ഇവരും വി. കുർബാനയിൽ സംബന്ധിച്ചു. വി. കുർബാന ഒരു മണിയോടു കൂടി അവസാനിച്ചു. കുറിച്ചിയിൽ നിന്നും ചാക്കോച്ചൻ നമ്മോടു കൂടി താമസിക്കുന്നുണ്ടായിരുന്നു. ഇൻസുലിൻ കുത്തിവച്ചു. അല്പം അധികമായതു നിമിത്തം അല്പം അസുഖം തോന്നി. ശരീരസ്ഥിതി പൊതുവേ നന്നായിരുന്നു. സന്ധ്യാനമസ്ക്കാരം 5 മണിക്ക് ആരംഭിച്ചു. കൃംതായുടെ[78] സന്ധ്യാനമസ്ക്കാരമായിരുന്നു. നാം 10 മണിയോടു കൂടി ഇവിടെ സുഖമായി ഉറങ്ങി.

6-4-1958 പരുമല സെമിനാരി. ഉയിർപ്പ് ഞായറാഴ്ച[79] നാം രാത്രി ഒരു മണിക്ക് എഴുന്നേറ്റു വി. കുർബാനയ്ക്കു ഒരുങ്ങി. പള്ളിയിൽ പോയി നമസ്ക്കാരം ആരംഭിച്ചു. കൃംതായുടെ നമസ്ക്കാരം തികച്ചു. നാം വി. കുർബാന ചൊല്ലി. പ്രദക്ഷിണത്തിന് മാത്യൂസ് കത്തനാർ ഇറങ്ങി. കുർബാന 6 മണിയായപ്പോൾ അവസാനിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. 35 മിനിട്ട് സമയം ഏവൻഗേലിയോൻ അടിസ്ഥാനമാക്കിയാണ് പ്രസംഗിച്ചത്. 7 1/2 മണിയോടു കൂടി കാപ്പിമേശ കഴിഞ്ഞു വിശ്രമിച്ചു. പന്നായിക്കടവിൽ അലക്സന്ത്രയോസ് കത്തനാരുടെ ഭാര്യയും തള്ളയും നമ്മെ രാവിലെ വന്നു കണ്ടു. ഇന്നത്തെ ആരോഗ്യസ്ഥിതി പൊതുവെ നന്നായിരുന്നു. യൂറിനിൽ ഷുഗർ ഉണ്ടായിരുന്നു. ഇന്നും ഇൻസുലിൻ കുത്തിവച്ചു. ശമുവേൽ ശെമ്മാശ്ശന്റെ അപ്പൻ വന്ന് ശെമ്മാശ്ശനെ വീട്ടിലോട്ട് അയക്കുവാൻ അനുവാദം ചോദിച്ചു. നാം അനുവദിച്ചു വിട്ടു. അയാളുടെ കല്യാണം പ്രമാണിച്ച് വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനാണ് അയാൾ പോയത്. പള്ളി മൂപ്പൻ[80] മത്തായിക്ക് ഇന്നേ ദിവസം നോമ്പു വീടൽ പ്രമാണിച്ച് അര രൂപ കൊടുത്തു. സന്ധ്യാനമസ്ക്കാരം, അത്താഴം, സൂത്താറ ഇവകൾക്കു ശേഷം സുഖമായി ഉറങ്ങി.

7-4-1958. പരുമല സെമിനാരി. രാവിലെ 5 മണിക്ക് എഴുന്നേറ്റു. രാത്രി നമസ്ക്കാരം, പ്രഭാത നമസ്ക്കാരം ഇവയോടു കൂടി തന്നെ. ഹേവോറൊയുടെ[81] തിങ്കളാഴ്ച ആകയാൽ കുർബാന ഉണ്ടായിരുന്നു. കുർബാന കളത്ര യാക്കോബ് കത്തനാർ ചൊല്ലി. നാം അതിൽ സംബന്ധിച്ചു. കുർബാനയ്ക്കു ശേഷം മേടയിൽ കുഞ്ഞൂഞ്ഞിന്റെ ഭാര്യയും പത്രോസ് മുതലാളിയുടെ മരുമകളും നമ്മെ വന്നു കണ്ടു. 4 1/2 മണിയോടു കൂടി മാർ പീലക്സിനോസ് എപ്പിസ്ക്കോപ്പാ നമ്മെ വന്നു കണ്ടു. സമുദായക്കേസ് വകയ്ക്ക് പിരിഞ്ഞു കിട്ടിയ തുക 306 ഉം കാതോലിക്കാദിനപിരിവിന് 241 രൂപ 3 അണയും, റിശ്ശീസാ ഇനത്തിൽ 2 1/4 രൂപയും നമ്മെ ഏല്പിച്ചു. കാതോലിക്കാ നിധിപ്പിരിവിലേക്കു കോഴഞ്ചേരി വഞ്ചിത്തറ നിന്നും റ്റി. സി. ഈശോ തേവർവേലിൽ 75 രൂപയുടെ ഒരു ചെക്കു നമ്മുടെ പേർക്കു തപാലിൽ അയച്ചു തന്നു. പീലക്സിനോസ് മെത്രാച്ചന്റെ കൂടെ വന്ന ശെമ്മാശ്ശന് (നാരാണംമൂഴിക്കാരൻ പി. എ. ശമുവേൽ ശെമ്മാശ്ശന്) കശീശ്ശാ പട്ടം ഏപ്രിൽ 19-ന് മെത്രാച്ചൻ കൊടുക്കുന്നതിന് അനുവാദം ചോദിക്കുകയും ചെയ്തു. ശമുവേൽ ശെമ്മാശ്ശൻ തിയോളജിക്കൽ സെമിനാരിയിൽ പഠിച്ച വിദ്യാർത്ഥിയാണ്. ... ഇന്നു കോട്ടയത്തു നിന്നും മടങ്ങിയെത്തി. ദേവലോകത്തു നിന്നു കുറെ മാമ്പഴം കൊണ്ടുവന്നു. ഇന്നും നമ്മെ ഇൻസുലിൻ കുത്തി വച്ചു. ആരോഗ്യസ്ഥിതി പൊതുവെ നന്നായിരുന്നു. ശമുവേൽ ശെമ്മാശ്ശൻ (നമ്മുടെ സെക്രട്ടറി) ഇന്നു വീട്ടിൽ നിന്നും നമ്മെ വന്നു കണ്ടു. സന്ധ്യാ നമസ്ക്കാരം 5 മണിക്കു ആരംഭിച്ചു. മാത്താത്ത് ലൂക്കോസ് വാദ്ധ്യാർ നമ്മോട് മകൻ ശെമ്മാശ്ശന് കശ്ശീശാ പട്ടം കൊടുക്കുവാൻ നിർബന്ധിച്ചു. നാം അയാൾ കുറെ പഠിക്കട്ടെ എന്നു പറഞ്ഞയച്ചു. സുത്താറ ഇവകൾക്കു ശേഷം 11 മണിയോടു കൂടിയാണ് നാം ഉറങ്ങിയത്. രാത്രിയിൽ ചെറിയ ഒരു തരം പ്രാണികൾ ഉപദ്രവിച്ചു.

8-4-1958. പരുമല സെമിനാരി. രാവിലെ 5 മണിയോടു കൂടി പള്ളിയിൽ പോയി. കുർബാന നിരണത്തു പുരയ്ക്കൽ അച്ചൻ (മത്തായി കത്തനാർ) ചൊല്ലി. പ്രഭാത നമസ്ക്കാരത്തിനു ശേഷം നാം മുറിയിൽ പോരുന്നു. തട്ടിന്റെ മുകളിൽ ഇരുന്ന് കുർബാന കണ്ടു. ജോർജ്ജ് ശെമ്മാശ്ശൻ തീമോത്തിയോസ് മെത്രാച്ചന്റെ കൂടെ പോയിട്ട് അവിടെ മെത്രാച്ചൻ അയാളെ പള്ളിക്രമങ്ങൾ പഠിപ്പിക്കുവാൻ കല്പന കൊടുത്തു. ഹരിപ്പാട് പള്ളിയിൽ നിന്നും റിശ്ശീസാ ഇനത്തിൽ ആറു രൂപ വികാരി നമ്മുടെ പേർക്കു അയച്ചത് ഇവിടെ കിട്ടി.

സന്ധ്യാ നമസ്ക്കാരത്തിനു മുമ്പായി പോക്കറ്റ് വാച്ച് ശരിപ്പെടുത്തി കൊണ്ടു വന്നു. കുരിശുമാലയുടെ കുരിശ് വലുതാക്കി തട്ടാൻ കൊണ്ടുവന്നതിൽ ... കുരിശിന് തൂക്കം. ചെറിയ കുരിശ് തട്ടാനെ ഏല്പിച്ചു. ഇന്ന് കണ്ണിൽ മരുന്ന് ഒഴിച്ചു. കുത്തി വച്ചു. സുത്താറ ഇവകൾക്കു ശേഷം 10 മണിക്ക് സുഖമായി ഉറങ്ങി. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

9-4-1958. ബുധൻ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പ്രഭാത നമസ്ക്കാരത്തെ തുടർന്ന് കുർബാനയുണ്ടായിരുന്നു. ഫാ. മത്തായി (അസിസ്റ്റന്റ് മാനേജർ) കുർബാന ചൊല്ലി. നാം കുർബാന ആരംഭിച്ചപ്പോൾ തട്ടിന്റെ മുകളിൽ നമ്മുടെ മുറിയിലേക്കു പോരുന്നു. നാം കുർബാന ഇന്നു കണ്ടില്ല. മാവേലിക്കര നിന്നു പറമ്പിലച്ചൻ സി. ചാക്കോ മുതലായവർ രാവിലെ വന്നു കണ്ടു. മാവേലിക്കര പള്ളിയിൽ നിന്നും കൊണ്ടുവന്ന 725 രൂപ നമ്മുടെ സെക്രട്ടറി കോശി ശെമ്മാശനെ ഏല്പിച്ചു. അതിന് രസീത് കൊടുത്തു. ചേപ്പാട്ടു നിന്നും പുളിമൂട്ടിൽ ഉണ്ണൂണ്ണിയും മരുമകനും നമ്മെ ഏതൊക്കെയോ പച്ചക്കറി, ബിസ്ക്കറ്റ്, ഓറഞ്ച് ഇവ കൊണ്ടു വന്ന് കൈ മുത്തി കണ്ടു. 11 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ വളഞ്ഞവട്ടം പള്ളിയിൽ നിന്ന് ഇവിടെ വന്നു നമ്മെ കണ്ടു. സ്കൂൾ കാര്യം രൂപാ കടം വീട്ടുന്ന കാര്യം പള്ളിക്കാര്യങ്ങൾ ഇവകൾക്ക് ശേഷം ഉച്ചഭക്ഷണവും കഴിച്ച് രണ്ടര മണിയോടു കൂടി തിരികെ മടങ്ങി. മെത്രാച്ചൻ ക്ഷീണിച്ചിരിക്കുന്നു. കുണ്ടറ സ്കൂൾ ഹെഡ്മാസ്റ്റർ അച്ചൻ വന്നു നമ്മെ വിശദവിവരങ്ങൾ കുണ്ടറയിലേതു ഗ്രഹിപ്പിച്ചു. അയാളെ നാം കുറെ കുറ്റപ്പെടുത്താതിരുന്നില്ല. ഇവിടെ കാതോലിക്കാ നിധി മുതലായ പിരിഞ്ഞു കിട്ടിയ രൂപ മുഴുവനും മാനേജർ ഫാ. കെ. ബി. മാത്യൂസിന്റെ കൈവശം കോട്ടയത്തു കൊടുത്തയച്ചു (687-9+75). തീമോത്തിയോസ് മെത്രാച്ചന്റെ പേർക്ക് ജോർജ്ജ് ശെമ്മാശന് (മാന്നാർ) ശെമ്മാശുപട്ടം കൊടുത്തയക്കണമെന്ന് എഴുതികൊടുത്തയച്ചു. ഫിലിപ്പ് ശെമ്മാശ്ശൻ വീട്ടിലേക്കു പോയി. കുണ്ടറ ഹെഡ്മാസ്റ്റർ ഇവിടെ താമസിച്ചു. നമ്മുടെ ശരീര സ്ഥിതി പൊതുവെ നന്നായിരുന്നു. കുത്തിവയ്പ് രണ്ടും നടത്തി. കണ്ണിൽ മരുന്ന് ഒഴിച്ചു. 10 1/2 മണിയോടു കൂടി സൂത്താറാ ഇവയ്ക്കു ശേഷം ഉറങ്ങി.

10-4-58. പരുമല സെമിനാരി. രാവിലെ 5 മണിക്കു എഴുന്നേറ്റു. കുർബാന ഉണ്ടായിരുന്നു. കുണ്ടറ ഹെഡ്മാസ്റ്റർ ഫാ. ജേക്കബ്[82] ഇന്ന് വി. കുർബാന ചൊല്ലി. പള്ളിക്കൂടത്തിൽ ഉണ്ടായ കുഴപ്പങ്ങൾ സംബന്ധിച്ചു നമ്മെ അറിയിച്ചു. ഉച്ചയ്ക്കു മുഖത്തല യോഹന്നാൻ കത്തനാരെ[83] കൊന്ന വിവരം നാം അറിഞ്ഞു. കൂടാതെ കുന്നംകുളത്ത് കോറെപ്പിസ്ക്കോപ്പാ മരിച്ച വിവരം നമ്മെ അറിയിച്ചു. നാം ഇന്ന് തീമോത്തിയോസ് മെത്രാച്ചന്റെ പേർക്ക് അവിടുത്തെ കാര്യാദികൾ ക്രമപ്പെടുത്തുന്നതിനും അച്ചന്റെ വിവരങ്ങൾക്കും എഴുത്തയച്ചിട്ടുണ്ട് (No. 33). ചെറുവത്തൂർ യാക്കോബ് കോറെപ്പിസ്ക്കോപ്പായുടെ[84] മകൻ വറുഗീസ്, അച്ചന്റെ അസുഖം കാണിച്ചെഴുതിയ എഴുത്തിനു ... ആശ്വാസവചനങ്ങളും എഴുതി അയച്ചു (No.34). ... ചെമ്മണ്ണൂർ പത്രോസ് അച്ചനെ[85] ഏല്പിച്ചുവെന്നും എഴുതി. ചെമ്മണ്ണൂർ പത്രോസ് കത്തനാർക്കു 35-ാം നമ്പർ കല്പന അയച്ചു. മരിച്ച കോറിയച്ചന്റെ മരണം മൂലം പുത്തൻപള്ളി വികാരിയായി നിയോഗിച്ചിരിക്കുന്ന വിവരത്തിന് കല്പന അയച്ചു. പുത്തൻകാവ് പള്ളി വികാരി പള്ളിപെരുനാളിന് ക്ഷണിച്ചു. ഏപ്രിൽ 15-ന് നമുക്ക് വരാൻ സാദ്ധ്യമല്ലയെന്ന് പറഞ്ഞയച്ചു. കോപ്പാറ കത്തനാർ[86] മകന്റെ കല്യാണത്തിന് ക്ഷണിച്ചു. നിവൃത്തിയില്ലായെന്ന് നാം അറിയിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ നടത്തിക്കൊടുത്താൽ നല്ലതാണ് എന്ന് നാം അറിയിച്ചിട്ടുണ്ട്. നമസ്ക്കാരം, ഭക്ഷണം, സൂത്താറ ഇവകൾക്കു ശേഷം നാം ഉറങ്ങി (ഉണ്ണിക്കു ശമ്പളത്തിൽ 20 രൂപ ഇന്നു അയച്ചു കൊടുത്തു.).

11-4-1958. വെള്ളി. രാവിലെ വി. കുർബാന മാനേജർ മാത്യൂസ് കത്തനാർ ചൊല്ലി. നാം തട്ടിന്റെ മുകളിൽ വന്നിരുന്ന് കണ്ടു. കണ്ണിൽ രാവിലെ മരുന്ന് ഒഴിച്ചു. കാരൂർ പള്ളിപ്പെരുന്നാളും കൂദാശയും ഏപ്രിൽ 30 - മെയ് 1 തീയതികളിൽ നടത്തുന്നതിന് നമ്മെ ക്ഷണിക്കുന്നതിന് തെങ്ങുംതറയിൽ കോറെപ്പിസ്ക്കോപ്പായച്ചനും നാരങ്ങാനം പി. റ്റി. മാത്യൂസ് അച്ചനും വന്നിരുന്നു. അച്ചന്മാർ ഉച്ചയോടു കൂടി തിരികെപ്പോയി. നാം അവിടെ പോകാമെന്ന് പറഞ്ഞയച്ചു. ദേവലോകത്തു നിന്നും ജോർജ്ജ് വന്നു വക്കാലത്തു ഫോം ഒപ്പിടുവിച്ചു കൊണ്ടുപോയി. രാവിലെ ആഫീസ് പ്യൂൺ കുഞ്ഞൂഞ്ഞ് വന്നിരുന്നു. സന്ധ്യാ നമസ്ക്കാരം, ഭക്ഷണം, സൂത്താറ ഇവകൾക്കു ശേഷം 10 മണിക്കു ഉറങ്ങി. ഇന്നു മരിച്ചു പോയ രണ്ടച്ചന്മാർക്കും കുർബാന ചൊല്ലിച്ചു.

12-4-1958. ശനി. രാവിലെ 4 മണിക്കു എഴുന്നേറ്റു. രാത്രി നമസ്ക്കാരം 5 മണിക്കു ആരംഭിച്ചു. കുർബാന കളത്ര യാക്കോബ് കത്തനാർ ചൊല്ലി. നാം തട്ടിന്റെ മുകളിൽ ഇരുന്ന് അതു കണ്ടു. മരുന്നുകൾ മൂന്നും ഇന്നു കോശി ശെമ്മാശ്ശൻ കുത്തി വച്ചു. നിരണത്ത് ഏബ്രഹാം വാദ്ധ്യാർ വന്നു കണ്ടു. പത്രത്തിൽ വി. സി. സാമുവൽ അച്ചൻ[87] മദ്രാസ് പള്ളിയിൽ കഷ്ടാനുഭവ ആഴ്ചയിൽ[88] ശുശ്രൂഷകൾ നടത്തിയതായും മറ്റും നാം വായിക്കുകയുണ്ടായി. കൂറിലോസ് മെത്രാന്റെ എഴുത്ത് നമുക്ക് ഇന്ന് കിട്ടി. മുഖത്തല കത്തനാരെ[83] ബന്ധുക്കൾ ആണു കൊന്നതു എന്നും കട്ടത്തടി കൊണ്ട് അടിച്ചാണ് കൊന്നതെന്നും അതിൽ കാണിച്ചിരുന്നു. മെത്രാച്ചൻ അയ്യമ്പള്ളിൽ പോയ വിവരവും അതിൽ ചേർത്തിരുന്നു. കുന്നംകുളത്തു പാറമേലച്ചന് എഴുത്തിന് മറുപടി കൊടുത്തു. ചെമ്മണ്ണൂർ അച്ചനെ വികാരിയായി നിയമിച്ചിരിക്കുന്ന വിവരവും ചിറളയം പള്ളിയിൽ പാറമേൽ അച്ചൻ തന്നെ വികാരിയായിരിക്കണമെന്നും എഴുതിയിട്ടുണ്ട്. തിരുവനന്തപുരത്തു നിന്നും കോരുതു ജഡ്ജിയും, പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനിയർ പി. എൻ. ജേക്കബും നമ്മെ വന്നു കണ്ടു. ഉച്ചഭക്ഷണം അവർക്കു കൊടുത്താണ് നാം അയച്ചത്. പി. എൻ. ജേക്കബിന്റെ മകന് വെല്ലൂർ മെഡിക്കൽ കോളജിൽ അഡ്മിഷൻ കിട്ടുന്നതിന് നാം വേണ്ടതു ചെയ്യണമെന്നറിയിക്കാനാണ് വന്നിരുന്നത്. ഉച്ചഭക്ഷണ ശേഷം 2 മണിക്കൂറോളം ഉറങ്ങി. സന്ധ്യാനമസ്ക്കാരം, തേച്ചുകുളി, സൂത്താറ ഇവകൾക്കു ശേഷം ഉറങ്ങി. ഇന്ന് നമ്മുടെ ചുമന്ന കുപ്പായവും, പുറംളോഹയും കഴുകിച്ച് വൃത്തിയാക്കിച്ചു. സന്ധ്യാനമസ്ക്കാരത്തിന്റെ ഏവൻഗേലിയോൻ നാം തന്നെ വായിച്ചു. ഇന്നും മരിച്ച അച്ചന്മാർക്കു വേണ്ടി കുർബാന ചൊല്ലിച്ചു. ബഥനിയിൽ നിന്നും കുറിയാക്കോസ് കത്തനാർ രണ്ടു കുപ്പി തേൻ കൊണ്ടുവന്നു.

13-4-58. ഞായർ. 5 മണിക്ക് നാം എഴുന്നേറ്റു. രാത്രി നമസ്ക്കാരം പള്ളിയിൽ കഴിച്ച ശേഷം തിരികെ വന്നു. 7 മണിയോടു കൂടി പ്രഭാതനമസ്ക്കാരം ആരംഭിച്ചു. നാം ഇന്നു വി. കുർബാന ചൊല്ലി. ഇവിടെ (പരുമല) കമ്പിൽ ചുറ്റിയിരിക്കുന്ന കശവ് കാപ്പയിട്ടാണ് നാം ചൊല്ലിയത്. കുർബാനയിൽ രോഗത്തിൽ ഇരിക്കുന്ന മാർ തേവോദോസ്യോസ് മെത്രാച്ചനു വേണ്ടിയും മരിച്ചുപോയ കോറെപ്പിസ്ക്കോപ്പാക്കു (കുന്നംകുളത്ത്) വേണ്ടിയും തല്ലിക്കൊല്ലപ്പെട്ട മുഖത്തല അച്ചനുവേണ്ടിയും നാം ഓർത്തു കുർബാന ചൊല്ലി. 10 മണിക്കു കുർബാന തീർന്നു. കുണ്ടറ വഴുതാനത്തു മത്തായിയുടെ മകൻ നമ്മെ വന്നു കണ്ടു 2 രൂപാ മാത്രം നമുക്ക് കൈമുത്തു തന്നു. കുന്നംകുളത്തു നിന്നും ഇവിടെ മാമ്മോദീസാ മുക്കിക്കുവാൻ വന്ന കാക്കശ്ശേരിൽ ഇട്ടൂപ്പ് വന്നു കണ്ടു 3 രൂപാ മാത്രം നമുക്ക് കൈമുത്ത് തന്നു. ഉമ്മൻ ശെമ്മാശ്ശൻ, മാനേജരച്ചൻ (റ്റി. സി. ജേക്കബ്), കുട്ടിയപ്പൻ, വി. ജി. ഗബ്രിയേലച്ചൻ ഇവർ നമ്മെ വന്നു കണ്ടു. കൂടാതെ മല്പാനച്ചനും, എബ്രഹാം അച്ചനും റ്റി. വി. ജോർജ്ജും ഇവിടെ വന്ന് ഇന്ന് നമ്മോടു കൂടെ താമസിക്കുന്നു. ആരോഗ്യസ്ഥിതി പൊതുവെ നന്നായിരുന്നു. രാത്രി 10 മണിക്ക് നാം ഉറങ്ങി. ഇന്ന് അത്താനാസ്യോസ് മെത്രാച്ചന്റെ ഒരു എഴുത്ത് മലയായിൽ നിന്നും വന്നിട്ടുണ്ടായിരുന്നു.

14-4-58. വെളുപ്പിന് 5 മണിക്ക് എഴുന്നേറ്റു. പ്രഭാത നമസ്ക്കാരശേഷം നാം മുറിയിൽ വന്നു. തട്ടിൽ ഇരുന്നുകൊണ്ട് കുർബാന കണ്ടു. കുർബാന നിരണത്തു പുരയ്ക്കൽ മത്തായി കത്തനാർ ചൊല്ലി. ഇന്ന് ഇവിടെ പരുമല മൂന്ന് കല്യാണം നടന്നു. ഒരു കല്യാണം നമ്മുടെ സെക്രട്ടറിയുടെ കല്യാണമായിരുന്നു. സെക്രട്ടറി ശമുവേൽ ശെമ്മാശ്ശന് നാം ഒരു മോതിരം കൊടുത്തു. അയാളുടെ കല്യാണം 11 മണിക്ക് ആരംഭിച്ചു. നാം കെട്ടിച്ചു വിട്ടു. ഇന്ന് കളത്തറ കത്തനാരുടെ പെങ്ങൾ നമുക്ക് കൈമുത്തായി 20 രൂപാ കൊണ്ടുവന്നു. അവളുടെ കല്യാണം 21-ാം തീയതിയാണെന്ന് നമ്മെ അറിയിച്ചു. കോട്ടയത്തു നിന്നും മാത്തച്ചൻ, സഖറിയാ ശെമ്മാശ്ശൻ[89] ആദിയായവരും ഉണ്ടായിരുന്നു. കുന്നംകുളം പുത്തൻപള്ളിക്കു വികാരിയായി ചെമ്മണ്ണൂർ പത്രോസ് അച്ചനെ നിയമിച്ചിരിക്കുന്നതായി കല്പന കൊടുത്തു. പത്രോസ് കത്തനാർ ഇന്ന് നമ്മെ വന്നു കണ്ടു. പള്ളിസ്ഥിതികൾ അറിയിച്ചു. ഏലിയാസ് തോമസ് കോറെപ്പിസ്ക്കോപ്പാ, പുത്തൻപുരയ്ക്കൽ തോമസ് കത്തനാർ ഇവർ നമ്മെ വന്നു കണ്ടു. കവിയൂർ വടക്കേമുറിയിൽ ഇട്ടിയയ്പ്പു വന്നു പീലക്സിനോസ് എപ്പിസ്ക്കോപ്പായ്ക്കു ഒരു എഴുത്തു വാങ്ങിക്കൊണ്ടുപോയി. അയാളുടെ മകന് വെല്ലൂർ മെഡിക്കൽ കോളജിൽ അഡ്മിഷൻ കിട്ടുന്നതിന് മെത്രാച്ചൻ വേണ്ടതു ചെയ്യണമെന്ന് എഴുതി കൊടുത്തയച്ചു. ഇന്ന് മല്പാനച്ചൻ, ജോർജ്ജ് ഇവരും നമ്മോടു കൂടി ഇവിടെ താമസിച്ചു. ഇന്ന് മരുന്നുകൾ മൂന്നും കോശി ശെമ്മാശ്ശൻ കുത്തി വച്ചു. വിശേഷിച്ച് അസുഖങ്ങൾ ഒന്നും ഇല്ലായിരുന്നു. സൂത്താറായ്ക്കു ശേഷം 10 മണിയോടു കൂടി ഉറങ്ങി.

15-4-1958. വെളുപ്പിന് 5 മണിക്ക് നാം എഴുന്നേറ്റു. പ്രഭാത നമസ്ക്കാര ശേഷം നാം തട്ടിന്റെ മുകളിൽ ഇരുന്നു കുർബാന കണ്ടു. രാവിലെ ദേവലോകം അരമനയിലേക്ക് പോരണം എന്നുള്ളത് ഉച്ചയ്ക്കത്തേക്ക് മാറ്റി വച്ചു. അലക്കുകാരൻ തുണി കൊണ്ടുവരാൻ സാധിക്കാതെ പോയതു കൊണ്ടും മാനേജർ മാത്യൂസ് കത്തനാരെ ഇടത്വ, കറുകയിൽ പാട്ടനെല്ലിന്റെ വിവരം അറിയാൻ അയച്ചതിന്റെ വിവരം അറിഞ്ഞ് പോരാൻ ഇരുന്നതുകൊണ്ടും താമസിച്ചു. രണ്ടു മണിയോടു കൂടി അവിടെ ലുത്തിനിയായുടെ ശേഷം യാത്ര പുറപ്പെട്ടു. നമ്മോടു കൂടി കോശി ശെമ്മാശ്ശനും, പീലിപ്പോസ് ശെമ്മാശ്ശനും തോമായും ഉണ്ടായിരുന്നു. സെമിനാരിയിൽ നിന്നും മാനേജർ വരുമാന ഇനത്തിൽ 1500 രൂപാ ഏല്പിച്ചു. റിശീസാ (8+5+4) ഇന്ന് നമ്മെ ഏല്പിച്ചു. അതിൽ നാലു രൂപ കളത്ര കത്തനാർ തന്നതും ബാക്കി മൂന്ന് രൂപാ മാനേജർ തന്നതും ആയിരുന്നു. ഇന്ന് കുശിനിക്കാരൻ ചാക്കോയ്ക്കു അവന്റെ സുഖക്കേടിന്റെ ആവശ്യത്തിന് അഞ്ചു രൂപാ കൊടുത്തു. ശമുവേൽ വൈദ്യന് ഒരു രൂപായും പരുമല ചായിക്കാരന് സംഭാവന ഒരു രൂപായും കൊടുത്തു. കടവിൽ വന്ന് വള്ളത്തിൽ കയറിയപ്പോൾ വേലക്കാർക്ക് എട്ട് അണ നാല് അണ വീതം എല്ലാം കൊടുത്തു. കാറിൽ നാം കോട്ടയത്തിന് പോരുന്നു. നാലു മണിയോടു കൂടി അരമനയിൽ എത്തിച്ചേർന്നു. വഴിക്ക് എം.ജി.എം. സ്കൂളിന്റെ പടിക്കൽ കാറു നിറുത്തി ഹെഡ്മാസ്റ്ററിനെ വിളിച്ച് ഒരാളിനെ നിയമിക്കുന്ന വിവരം പറഞ്ഞിട്ടാണ് പോരുന്നത്. നമ്മോടു കൂടി കോശി ശെമ്മാശ്ശനും പീലിപ്പോസ് ശെമ്മാശ്ശനും ഉണ്ടായിരുന്നു. പരുമല വച്ച് കുശിനിക്കാരൻ ചാക്കോയിക്ക് മരുന്നു വാങ്ങിക്കാൻ അഞ്ച് രൂപ കൊടുത്തു. അരമനയിൽ രാത്രി ഏഴു മണിയോടു കൂടി കുട്ടിയപ്പൻ കാറിൽ നമ്മെ വന്നു കണ്ടു. മല്പാനച്ചൻ, ഡിസൂസാ ശെമ്മാശ്ശൻ, കോശി ശെമ്മാശ്ശൻ, പീലിപ്പോസ് ശെമ്മാശ്ശൻ, സഖറിയാ ശെമ്മാശ്ശൻ, ജോർജ് ഇവരും ഇന്ന് അരമനയിൽ ഉണ്ടായിരുന്നു. ഇന്ന് എം.ഡി. ഹോസ്റ്റലിൽ[90] വാടക ഇനത്തിൽ കുടിശ്ശിഖ ഉണ്ടായിരുന്നതിൽ ഇരുനൂറ് രൂപായുടെ ഒരു ചെക്ക് നമ്മെ ഏല്പിച്ചു. 10 മണിയോടു കൂടി ഉറങ്ങി.

16-4-58. ബുധൻ. ദേവലോകം അരമനയിൽ. വെളുപ്പിന് 5 മണിക്ക് എഴുന്നേറ്റു. രാത്രി നമസ്ക്കാരം, പ്രഭാത നമസ്ക്കാരം ഇവയ്ക്കു ശേഷം തിരികെ വന്നു. 7 1/2 മണിക്ക് കോശി ശെമ്മാശ്ശൻ കുത്തി വച്ച ശേഷം നാം കാപ്പി കുടിച്ചു. നമ്മുടെ കൈയിൽ പരുമല നിന്നു കിട്ടിയ 1500 രൂപായും വാടകയ്ക്കു കിട്ടിയ ഇരുനൂറ് രൂപായും കൈപ്പെട്ടിയിൽ ഇരുന്ന 412 രൂപായും ഉൾപ്പെടെ 2112 രൂപാ ബാങ്കിൽ ഇടുവാൻ ജോർജ്ജിന്റെ കൈവശം കൊടുത്തയച്ചു. തോട്ടയ്ക്കാട്ടുകാരൻ കത്തനാർ റിശീസാ ഇനത്തിൽ പത്തു രൂപാ നമ്മെ ഏല്പിച്ചു. കുപ്പിയിൽ കുറെ മൂറോനും വാങ്ങിക്കൊണ്ട് പോയി. ഇന്ന് കൗൺസിൽ പ്രമാണിച്ച് മാർ ഈവാനിയോസ് മെത്രാച്ചൻ, മാർ പീലക്സിനോസ് മെത്രാച്ചൻ, ഇവർ വന്നിട്ടുണ്ടായിരുന്നു. 10 മണിക്ക് ശേഷം അവർ വന്നു. ഇന്നലെ വി. സി. സാമുവേൽ അച്ചന്റെ ഒരു എഴുത്ത് വന്നിരുന്ന വിവരം അവരോട് പറഞ്ഞു. കൗൺസിൽ, മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി ഇവ കൂടുന്ന കാര്യം നമ്മെ അറിയിച്ചു. വർക്കിംഗ് കമ്മിറ്റി മേയ് ഒന്നാം തീയതി എന്ന് നിശ്ചയിച്ചു. വി. സി. സാമുവേൽ അച്ചന്റെ വിഷയം[91] ചർച്ചാവിഷയമാണ്. അത്താനാസ്യോസ് മെത്രാച്ചന്റെ എഴുത്ത് മലയായിൽ നിന്നും വന്നതിന് മറുപടി അയച്ചുകൊടുത്തു. അതിൽ അച്ചന്മാരെ മലയായിലേക്ക് അയക്കുവാൻ ശ്രമിക്കുന്ന വിവരവും കാണിച്ചിരുന്നു. ഇന്ന് ഇൻസുലിൻ കുത്തി വച്ചു. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. വേദപുസ്തകം ജോർജ് വായിച്ചു കേൾപ്പിച്ചു. സൂത്താറായ്ക്കു ശേഷം 10 മണിക്കു സുഖമായി ഉറങ്ങി. അർദ്ധരാത്രിയോടു കൂടി നല്ല മഴ പെയ്തു. ഇന്ന് തോട്ടയ്ക്കാട്ട് കത്തനാർക്ക് മൂറോൻ കൊടുത്തു.

17-4-58. ദേവലോകം. 5 മണിക്ക് രാത്രി നമസ്ക്കാരം, പ്രഭാത നമസ്ക്കാരം ഇവയ്ക്കു ശേഷം പള്ളിയിൽ നിന്നും മടങ്ങിയെത്തി. മരുന്ന് കുത്തിവച്ചു. കുന്നംകുളത്തു ചിറളയം പള്ളി കൈക്കാരൻ പി. കെ. കാക്കു അവിടെ വികാരി ചെമ്മണ്ണൂർ പത്രോസ് കത്തനാരുമായി ഉണ്ടായ ചില വാക്കുതർക്കങ്ങളും പിണക്കങ്ങളും അറിയിച്ചു. പാറമേൽ അച്ചന്[92] ഇരുകൂട്ടരുടെയും സ്റ്റേറ്റ്മെന്റ് വാങ്ങി നമ്മുടെ പേർക്ക് അയക്കുവാൻ കല്പന കൊടുത്തയച്ചു. അയാൾ കൈമുത്ത് 5 (അഞ്ച് രൂപാ) നമ്മെ ഏല്പിച്ചു. കൊല്ലാട്ടുകാരൻ കൊടുവത്തു കത്തനാർ[93] അയാൾ ആദ്യം കുർബാന ചൊല്ലിക്കിട്ടിയതാണെന്നു പറഞ്ഞു പത്തു രൂപാ നമ്മെ ഏല്പിച്ചു. കുണ്ടറ നിന്നും ഹെഡ്മാസ്റ്റർ എം. എം. ജേക്കബ് ഉച്ചയോടു കൂടെ ഇവിടെ വന്നു. സ്കൂൾ വിവരങ്ങൾ പറഞ്ഞു. അച്ചന്മാർക്കു വേണ്ടിയുള്ള ഒരു കല്പന നാം എഴുതിച്ചു. അതായത്, അച്ചനായശേഷം വിവാഹം ചെയ്തവരും, മീശ വളർത്താത്തവരും ആയവർ സഭയെ കേൾക്കാത്തവരാണ്. അവർ ശപിക്കപ്പെട്ടവരാണ്. അങ്ങനെയുള്ളവർ യാതൊരു പള്ളികർമ്മങ്ങളും അനുഷ്ഠിക്കരുത്. ആയതിൽ ആരും സംബന്ധിക്കുകയും അരുത് എന്ന് എഴുതിച്ചു ആഫീസിൽ ഏല്പിച്ചു. ചില ഭേദഗതികൾ വരുത്തണമെന്ന് എല്ലാവരും നമ്മോടാവശ്യപ്പെട്ടു. സഭയുടെ ചട്ടംകെട്ടുകൾക്ക് യാതൊരു വള്ളിക്കും പുള്ളിക്കും വ്യത്യാസവും അഴിവും വരുത്താൻ നിവൃത്തിയില്ല എന്ന് ദൃഢമായി പറഞ്ഞു. ബഥനി ആശ്രമത്തിലെ കുറിയാക്കോസ് കത്തനാരും മാണിക്കത്തനാരും[94] തേവോദോസ്യോസ് തിരുമേനിക്ക് സുഖമില്ലെന്നും മറ്റും വന്നു പറഞ്ഞു. മാണിക്കത്തനാർ ഉപരിപഠനാർത്ഥം ഗ്രീസിലേക്ക് 27-ാം തീയതി പോകുന്നതാണ്. പെട്ടിയിലെ കാഷ് ബാലൻസ് നോക്കി. സൂത്താറായിക്കു ശേഷം പത്തു മണിക്കു സുഖമായി ഉറങ്ങി.

18-4-58. വെള്ളി. 5 മണിക്ക് എഴുന്നേറ്റു പള്ളിയിൽ പോയി. രാത്രി നമസ്ക്കാരം പ്രഭാത നമസ്ക്കാരം ഇവയ്ക്കു ശേഷം തിരികെ വന്നു. കുണ്ടറ സ്കൂളിലെ അദ്ധ്യാപകന്മാരും ഡീക്കൻ കുറിയാക്കോസ്, കളത്ര യാക്കോബ് കത്തനാർ, ഡീക്കൻ കെ. സി. മാത്യു ഇവർ ഇന്ന് നമ്മെ വന്ന് കാണാൻ എഴുതി അയച്ചിട്ട് വന്നു കണ്ടില്ല. കെ. ജെ. വറുഗീസ് ശെമ്മാശ്ശൻ വന്നു കണ്ടു. സ്റ്റേറ്റ്മെന്റ് എഴുതി തന്നു. 10 മണിയോടു കൂടി മാർ ഒസ്താത്തിയോസ് എപ്പിസ്ക്കോപ്പാ വന്നു. മാന്നാത്തുകാരൻ വറുഗീസിന് പട്ടം കൊടുക്കുന്ന കാര്യം പറയുന്നതിനാണ് വന്നത്. ഇന്നു നാം മെത്രാച്ചനോട് വി. സി. ശമുവേലച്ചന്റെ കാര്യത്തിന് അല്പം മറുത്തു പറഞ്ഞു. നാം തന്നെ അവന് (വറുഗീസിന്) പട്ടം കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കല്ലൂപ്പാറ പണിക്കർ കത്തനാർ ഇവിടെ വന്നു. മൂറോൻ കല്ലൂപ്പാറ പള്ളിക്ക് വാങ്ങിക്കൊണ്ടു പോയി. ബേസിൽ ദയറാംഗങ്ങളായ ഡീക്കൻ ഉമ്മൻ,[95] ഡീക്കൻ എം. കെ. തോമസ്[96] എന്നിവർ വന്നു കണ്ടു. എം. കെ. തോമസ് 17-ാം തീയതി ശെമ്മാശ്ശനായതാണ്. പീലക്സിനോസ് തിരുമേനിയും തീമോത്തിയോസ് തിരുമേനിയും പട്ടം കൊടുത്തതാണ്. ഇന്ന് മാർ ഒസ്താത്തിയോസ് തിരുമേനി 100 രൂപാ നമുക്ക് തന്നു. ഏതായാലും ഇന്നത്തെ ആരോഗ്യസ്ഥിതി പൊതുവെ മോശമല്ലായിരുന്നു. അത്താഴം, വേദപുസ്തക വായന ഇവയ്ക്കു ശേഷം 10 മണിക്ക് സുഖമായി ഉറങ്ങി.

19-4-58. ശനി. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പള്ളിയിൽ നമസ്ക്കാരത്തിനു പോയി. നമസ്ക്കാരശേഷം തിരികെ വന്നപ്പോൾ ചന്തക്കടവിലെ കുഞ്ഞൂഞ്ഞ് മകൻ കെ. ജെ. തോമസിന്റെ സ്ഥലംമാറ്റം പ്രമാണിച്ച് നമ്മെ അറിയിച്ചു. സ്ഥലംമാറ്റം എം.ഡി. യിലേക്ക് കൊടുക്കണമെന്ന് നാം മാർ ഈവാനിയോസ് മെത്രാച്ചന് എഴുത്തു കൊടുത്തു. ഈവാനിയോസ് മെത്രാച്ചൻ ആ കല്പനപ്രകാരം ചെയ്യുവാൻ മടി കാണിച്ചു എന്ന് അവൻ നമ്മെ വന്നറിയിച്ചു. ഒസ്താത്തിയോസ് മെത്രാച്ചൻ രാവിലെ 9 മണിക്ക് ഇവിടെ നിന്നും പോയി. നാം മെത്രാച്ചന് ഒരു മുത്തുച്ചിപ്പി കുരിശുമാല കൊടുത്തു. മരുന്നുകൾ രണ്ടും ശെമ്മാശ്ശൻ കുത്തിവച്ചു. ഇന്ന് ഈ മാസം 29-ാം തീയതി ചൊവ്വാഴ്ച സുന്നഹദോസ് കൂടാൻ നിശ്ചയിച്ചിരിക്കുന്നതായി മെത്രാച്ചന്മാർക്കു എഴുതിയയച്ചു. അത്താനാസ്യോസ് മെത്രാച്ചൻ മലയായിൽ ആകയാൽ അറിയിച്ചില്ല. മാനേജർ റ്റി. സി. ജേക്കബ് അച്ചൻ ഇന്ന് നമ്മെ വന്നു കണ്ടു കിരീടധാരണ വൈദ്യശാലയിലെ കണക്കു തീർത്തു (88 രൂപ 96 നയാ പൈസ) ഒരു കൊല്ലത്തേയ്ക്കു (എണ്ണയും കുഴമ്പും ആവർത്തിച്ച തൈലം ഇവയ്ക്കു). സന്ധ്യാനമസ്ക്കാരത്തിന് ഏവൻഗേലിയോൻ മല്പാൻ യോഹന്നാൻ കത്തനാർ വായിച്ചു. നാം കുളി കഴിഞ്ഞ് അത്താഴം, സൂത്താറ ഇവയ്ക്കുശേഷം ഉറങ്ങാൻ കിടന്നു. രാത്രിയിൽ അതികലശലായ ഇടിയും മിന്നലും ഉണ്ടായിരുന്നു. തന്മൂലം ഉറക്കത്തിനു സുഖമുണ്ടായിരുന്നു എങ്കിലും അത്ര തൃപ്തികരമല്ല. ആരോഗ്യം പൊതുവെ നന്നായിരുന്നു. രാത്രി 11 മണിക്ക് ഉറങ്ങി.

20-4-58. ഞായർ. 5 മണിക്ക് എഴുന്നേറ്റു. അഞ്ചര മണിക്ക് പള്ളിയിൽ നമസ്ക്കാരം ആരംഭിച്ചു. ഇന്ന് കുർബാന നാം തന്നെ ചൊല്ലി. ജൂബിലിക്കുപ്പായമിട്ടാണ്[97] ചൊല്ലിയത്. എത്യോപ്യൻ വിദ്യാർത്ഥികൾ രണ്ട് പേർ ചക്രവർത്തി അയച്ചതനുസരിച്ച് വന്ന് സന്ദർശിച്ചു. കുർബാന കണ്ടു. ഇവിടെ അവർക്കു കാപ്പി കൊടുപ്പിച്ചു. കുർബാന 10.30-നു തീർന്നു. കുർബാനമദ്ധ്യേ അര മണിക്കൂർ പ്രസംഗിച്ചു. പോൾ വറുഗീസ്[98] നമ്മെ വന്നു സന്ദർശിച്ചു (എത്യോപ്യായിൽ നിന്നും). അവിടെ നമുക്കു പള്ളിഅനുവദിച്ചു തന്ന വിവരവും ചക്രവർത്തി[99] നമ്മോട് താത്പര്യം കാണിക്കുന്നുണ്ട് എന്നും അറിയിച്ചു. നെടുന്തള്ളിലെ ഡോക്ടർ നമ്മെ വന്നു കണ്ടു. അയാൾക്ക് ഇവിടെനിന്നും കോതമംഗലത്തിന് സ്ഥലംമാറ്റം ആണെന്നുള്ള വിവരം അറിയിക്കുവാനായിരുന്നു. മാനേജരച്ചനും, വി. ജെ. ഗബ്രിയേൽ അച്ചനും വന്നു കണ്ടു. മാനേജരച്ചൻ കുമ്പസാരിപ്പിച്ചു. ഗബ്രിയേലച്ചൻ 35 രൂപാ ചെറിയപള്ളിയിലെ റിശീസായായി ഏല്പിച്ചു. ഇന്നു സന്ധ്യയ്ക്ക് ഇലക്ട്രിക് ലൈറ്റ് ഇല്ലായിരുന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Creation as Communion: The Gregorian Vision for a Sustainable Future

Joel Cherian Varghese

1. Introduction

The global ecological crisis, accelerated climate change, exhaustion of natural resources, collapse of biodiversity, and deepening socio-economic inequality. This confronts contemporary humanity with a challenge unprecedented in both scale and moral consequence. The idea of ecological crisis first came to serious discussion in late 1990s and early 2000, yet long before ecological discourse became a ubiquitous intellectual concern, Dr. Paulos Mar Gregorios (1922–1996) articulated an integrated, cosmic, and theological vision of human responsibility, rooted in the Eastern Christian tradition yet speaking with remarkable force to a globalised, technological civilisation.


He understood the modern ecological and civilizational crisis not merely as a technical failure but as a crisis of meaning, consciousness, and worldview. He warns that modern science and technology, separated from sacramentality, have produced a deeply alienated culture: "Science-technology has become separated from the sacramental understanding of material reality…Western mankind has very nearly lost the very capacity for a sacramental understanding of reality."[1]

Mar Gregorios's thought must be situated within the broader Orthodox Christian theological tradition, particularly its emphasis on the sacramentality of creation and the doctrine of theosis. Hence his work embodies an unusual synthesis: Orthodox patristic anthropology, philosophical critique of modernity, ecological ethics, interreligious openness, and a future-oriented consciousness shaped by Teilhard de Chardin, Ernst Bloch, and other thinkers of hope.

Gregorian thought resists reduction to a single discipline. Instead, he presents a comprehensive cosmological framework in which theology, science, ecology, political economy, and spirituality are unified. As he insists, humanity lives between two infinities, bearing both the imprint of divine transcendence and the materiality of the cosmos. This anthropological insight grounds his ecological vision: the degradation of creation is inseparable from the degradation of human consciousness, moral will, and spiritual life. Sustainability, therefore, becomes a theological, ethical, and existential imperative rather than a merely technical one.

A sustainable future cannot be pursued without a transformation of the human person, which is the core of the Gregorian Vision. Humanity's vocation is not domination over nature, but participation in the divine energies that sustain creation. Indeed, he argues that the Christian hope is inherently cosmic, extending beyond ecclesial boundaries: "The Christian hope is not for Christians alone; the redemption in Christ is a cosmic one."[1] This universality demands a broadened ethical imagination, one that embraces all peoples, all species, and the entire created order.

This research article therefore seeks to present a rigorous and expansive examination of the Gregorian Vision. Through a dense and formal academic methodology, this study demonstrates that Gregorios's thought constitutes one of the most coherent and spiritually profound ecological



theologies of the modern era.

2. Methodological and Theological Framework

Dr. Paulos Mar Gregorios's methodology is distinct in contemporary theological discourse for its dialectical, integrative, and profoundly patristic character. While firmly rooted in Eastern Orthodox tradition, his work is not bound by confessional constraints; it is marked by critical engagement with Western philosophy, Enlightenment rationality, Marxist anthropology, phenomenology, and modern scientific cosmology. This methodological pluralism is not eclecticism but a disciplined effort to recover the unity of knowledge fractured by modernity.

Paulose Mar Gregorio's theological methodology centers on two core patristic concepts, which he inherits primarily from Gregory of Nyssa. Diastema the ontological distance between God and creation and Metousia, participation in the divine life through God's uncreated energies. This dialectic is foundational for his cosmology. Creation is neither identical with God (rejecting pantheism), nor autonomously self-sufficient (rejecting secular

naturalism). Instead, the cosmos exists in dynamic relationality, sustained by divine energy yet distinct in essence. The ecological implications are profound: the world is not a closed system of mechanistic causality, but a sacramental reality alive with divine presence and purposiveness.

Mar Gregorios repeatedly asserts that the root of ecological crisis is not technological but epistemic. Modernity's fragmentation of knowledge science separated from spirituality, reason from wisdom, humanity from nature has produced an alienated consciousness incapable of perceiving the unity of existence. In contrast, he advocates a holistic epistemology. This sharply diverges from Enlightenment empiricism, which he critiques as the intellectual foundation for the exploitative domination of nature. Instead, his approach resembles the integrative models of Maximus the Confessor, Teilhard de Chardin, and even contemporary systems theorists.

Mar Gregorios does not retreat into traditionalism. His method is a creative retrieval of the patristic sources like Gregory of Nyssa, Basil, Maximus, Dionysius integrated with the insights of Marxist cultural critique, phenomenology of hope (Bloch), evolutionary cosmology (Teilhard), ecological sciences. His theological method thus becomes a hermeneutics of convergence, enabling ancient wisdom and modern knowledge to illuminate one another. Mar Gregorios critiques modern epistemology sharply: "Our whole educational system… is training us to be transcendent-vision blind. Science is not as objective a system of knowledge as we once thought it was."[2]

A central methodological motif is eschatology not as catastrophe but as pleroma, the fullness toward which creation is drawn. Human existence is defined by its "not-yet" character, a forward-moving dynamism that opens space for transformation. This eschatological orientation frames sustainability as participation in the divine movement toward cosmic fulfilment.

Anthropology is the centre of the Gregorian Vision. For Mar Gregorios, the human being is not an isolated biological entity nor merely a rational animal; rather, humanity is microcosm a concentrated synthesis of the entire created order and mediator, standing between God and the cosmos. This dual identity undergirds his ecological, ethical, and eschatological thinking. Mar Gregorios critiques the modern Western worldview that isolates humanity from nature. According to him, the Enlightenment's overemphasis on reason and domination produced a dualistic perception of reality: man versus nature, subject versus object. This worldview, he argues, is the root of ecological and spiritual crisis.

In Cosmic Man, Paulos Mar Gregorios shares that humanity stands between two infinities the infinite God and the infinitely divisible cosmos. This concise formulation encapsulates his entire anthropological system. Humanity mirrors the divine in rationality, freedom, relationality, and creative capacity; yet it equally mirrors the material cosmos in embodiment, mutability, and finitude. Mar Gregorios agrees with Gregory of Nyssa that humanity has a unique mediatory role "Man is capable of being the highest evolved recapitulative centre of the universe."[3] This duality is not contradictory but constitutive. The human being unites the spiritual and material realms precisely in order to mediate and harmonise them.

This anthropological insight is deeply patristic. Gregory of Nyssa taught that the human being is a "living workshop of creation," containing within itself the logoi (inner principles) of all created beings. Maximus the Confessor elaborated this further: humankind is called to unite all divisions within creation intelligible and sensible, heaven and earth, male and female—ultimately reconciling them in God. Mar Gregorios appropriates this vision for the modern age. At a time when humanity's destructive capacities threaten ecological collapse, he argues that human uniqueness is not an excuse for domination but a mandate for responsibility, a call to heal rather than exploit the earth. This vision aligns with the Eastern Orthodox notion of oikonomia, where the cosmos is a sacred household, not a mechanical system.

3.1 Freedom and the "Not-Yet" of Human Existence

Developing Ernst Bloch's concept of the Noch-Nicht-Sein ("not-yet-being"), Gregorios insists that human identity is fundamentally eschatological. Humanity is defined not by what it is, but by what it is becoming.[4] Every human action participates in the movement toward fulfilment or destruction. Thus, the ecological crisis is not merely environmental; it is an existential crisis revealing the misdirection of human freedom. Freedom, for Gregorios, is fundamentally relational. It is the capacity to choose communion, to choose participation in the divine energies that sustain life. When freedom becomes self-enclosed—seeking possession, consumption, and domination it becomes destructive both to the self and to creation.

3.2 Dignity, Universality, and the Absolute Worth of Persons

Gregorios articulates a deeply universalistic anthropology. Every human being possesses absolute dignity because every human being participates however unconsciously in the divine life. The Christian hope is not tribal but cosmic, the redemption in Jesus Christ is cosmic, and it is sheer pettiness if we deny its fruit to people of other faiths. This ensures that, ecological responsibility is universal, justice is not optional, exploitation is blasphemous and all persons are bearers of divine potential. Human worth is grounded not in religious membership, economic productivity, or cultural status, but solely in the divine image.

3.3 Anthropological Alienation as the Root of Ecological Collapse

Drawing from writings of Gregorios diagnoses modern humanity as alienated in three ways:

1. Alienation from God
2. Alienation from neighbour
3. Alienation from creation

This triple alienation produces ecological irresponsibility, social injustice, and spiritual emptiness. The sustainable future requires the healing of all three. Thus anthropology is not an academic discipline; it is the heart of the ecological question.

4. Cosmic Christology and the Ontology of Participation

Mar Gregorios's ecological vision cannot be understood apart from his Christology, which is cosmic rather than merely ecclesial. Christ is not only the redeemer of human souls but the Logos through whom and in whom all things exist.

4.1 The Logos as the Ontological Center of Creation

Drawing on Colossians 1:16–17, Gregorios affirms that Christ is the hierarchical centre of all reality; all things are created through Him, all things are created for Him, all things hold together in Him. This is not metaphor but ontology. Creation has no independent existence (autousia). It is contingent, relational, and participative. Christ is the "binding principle" of cosmic coherency, the source of both unity and diversity in creation.

From Gregory of Nyssa, Gregorios inherits the doctrine that the Logos contains the logoi the inner intelligible principles of all created beings. From Maximus the Confessor, he inherits the idea that the Logos is the final end of all movement in creation. Thus creation is not static; it is dynamic, participative, teleological.

4.2 The Ontology of Participation (Metousia)

St. Gregory's metaphysics is grounded in the doctrine of metousia participation in divine being. Creation exists because it participates continuously in God's uncreated energies. This has immense ecological implications, this means that the world is sacred by participation, and nature is relational, not autonomous, hence human beings cannot treat creation as an inert object and all beings share a fundamental ontological solidarity

In Cosmic Man, Gregorios gives the idea that the cosmos is a symphony held together by the Logos; to sin is to introduce dissonance into this harmony. Sustainability is therefore an act of cosmic obedience, aligning human life with the coherent order of the Logos (akolouthia).

4.2 Christ's Universal Presence Beyond Religions

Mar Gregorios argues that Christ's presence is not confined to Christianity, Christ is present wherever truth is sought, Christ is active wherever love and justice are embodied and Christ

breathes in the heart of every creature seeking the good. This Christological universalism is not syncretism; it is an affirmation of Christ's cosmic lordship. It shapes his interfaith approach: dialogue is not concession but recognition of the Logos who enlightens every human being (John 1:9).

4.3 Eschatological Fulfilment and the Pleroma

Teilhard de Chardin's evolutionary cosmology profoundly influenced Gregorios, who saw history moving not randomly but toward pleroma the fullness of Christ's cosmic body. Creation is becoming, and this becoming is oriented toward, unity without uniformity, communion without absorption and fulfilment without annihilation. Ecological sustainability thus becomes participation in the divine movement toward eschatological unity.

5. Reconsidering "Nature": A Patristic–Orthodox Critique of Western Cosmology

Among Mar Gregorios's most original contributions to ecological theology is his rigorous critique of the Western concept of "nature." Mar Gregorios argues that "nature" is not a biblical category but an Indo-Hellenic conceptual intrusion that eventually shaped the trajectory of Western scientific, philosophical, and theological thought.


5.1 The Absence of "Nature" in the Hebrew Tradition

Hebrew Scripture possesses no term equivalent to the Greek physis ("nature"). The Hebrew worldview does not conceptualize reality as a self-contained natural order, but as creation (ktisis), a relational, dynamic, and God-filled reality. The term physis appears only in, Wisdom of Solomon, 3–4 Maccabees.

These are Greek-influenced texts outside Palestinian Judaism, and thus they should not be used to reconstruct the core Hebrew worldview. This is crucial, because "nature" in Hellenistic thought implies, self-subsistence, internal autonomy, inherent causal regularity and objectifiable separateness. The Hebrew worldview knows nothing of this. Creation is always relational dependent on God's will, energy, and presence.

5.2 The Western Misreading of Genesis

Mar Gregorios criticizes Western theology for misinterpreting Genesis 1:28 ("dominion" over the earth) as a mandate of domination. In Hebrew thought; "dominion" is responsible guardianship, "mastery" would be wise participation in divine creativity, "fruitfulness" is relational flourishing. The biblical command is not to dominate "nature," for such a category is alien to the text, but to inhabit creation as co-creators.



5.3 Creation as Dynamic, Energetic, and Eschatological

In Orthodox theology, creation (ktisis) is understood as dynamic, an unfolding reality rather than a finished, static product, and energetic, continually sustained by divine energeia rather than existing autonomously. It is also teleological, oriented toward its ultimate fulfilment, and inclusive, with humanity existing as an integral part of creation rather than standing outside it. Drawing on Maximus the Confessor, Gregory presents creation as a cosmic liturgy moving toward the telos of pleroma, in which creation participates in divine life not merely metaphorically but ontologically.

6. Ecology, Ethics, and Eucharistic Cosmology

Ecology for Mar Gregorios is not an isolated field but a subset of cosmology the study of the world as God's creation and theology, the study of God's presence in the world. His ecological thought integrates anthropology, ethics, eschatology, and spirituality.

6.1 The World as Eucharist: Creation as Sacrament

Following the Orthodox tradition, Gregorios views creation as sacrament, meaning the world is a visible sign of invisible grace where every being participates in divine energy and materiality is spiritual, not opposed to it. For the creation and created should be in a sacramental harmony. In his writing he says, "Science-technology has become separated from the sacramental understanding of material reality as the bearer of God… Without it man perishes."[5]

In Cosmic Man, he describes the cosmos as "a symphony held together by the Logos," where each creature plays a part. This sacramental worldview transforms ecology into liturgy. Thus, ecological destruction is

not only moral failure but liturgical blasphemy, a refusal to honour God in creation.

6.2 Eucharistic Ethics: Gratitude, Restraint, Communion

Gregory's ecological ethics are threefold: Gratitude, where the world is understood as a gift, and exploitation is seen as ingratitude; Restraint, which is not about deprivation but freedom from possessiveness, recognizing that true sustainability requires self-limitation; and Communion, acknowledging that all beings are interconnected, and harming creation fractures the cosmic communion. These are not secular ethical categories but Eucharistic ones, with sustainability framed as a spiritual practice rooted in thanksgiving (eucharistia).

6.3 Sin as Cosmic Disharmony

In classical Christian theology, sin is not merely personal wrongdoing but a disruption of cosmic order. Gregorios extends this by describing sin as dissonance within the cosmic symphony. Greed accelerates ecological destruction, domination disrupts the cosmic balance, and alienation fractures the interconnected networks of life. Ecological repentance (metanoia) is therefore a change of consciousness a re-entry into cosmic harmony.

6.4 The Ethical Concept of Akolouthia

From patristic theology, Gregory retrieves the principle of akolouthia "following the Logos in coherent order." This concept entails living in moral coherence, aligning human actions with cosmic rationality, governing technology with wisdom, and perceiving ecological responsibility as a form of obedience. Akolouthia connects ethics with ontology: to act ethically is to conform to the structure of reality as created and sustained by the Logos. Without justice, sustainability is hypocrisy.

7. Interreligious Vision of the Ultimate

5 Paulos Mar Gregorios, "The Technological–Sacramental Unity," in Paulos Mar Gregorios: A Reader, ed. K. M. George (Minneapolis: Fortress Press, 2017), 128.

Mar Gregorios's interreligious theology is among his most original and daring contributions. His engagement with Hinduism, Buddhism, Islam, Marxism, and secular humanism stems from a profound conviction that truth is not the monopoly of any one religious tradition. This conviction does not undermine Christian faith; it universalizes it in accordance with its cosmic foundation.

7.1 The Ultimate: A Non-Confessional Category

In My Own Vision of the Ultimate, Gregorios rejects the idea that the Ultimate (God) can be captured within any single theological system. Religious traditions are historically conditioned responses to the Ultimate, not exhaustive revelations of it. This vision stands in stark contrast to Christian exclusivism, which he calls "theological arrogance" that contradicts the universality of Christ.

7.2 Christ as Universal Logos

Gregory's universalism is grounded in his Christology. The Logos is the light "that enlightens every human being coming into the world" (John 1:9). Christ is not absent in other religions; rather, He is present anonymously, relationally, and dynamically. Thus, wherever compassion is genuinely lived, Christ is at work; whenever truth is earnestly pursued, the Logos offers illumination; wherever justice is embodied, Christ is present; and wherever beauty is honoured, the divine energies shine through the world. Hence he writes "The Christian hope is not for Christians alone. The redemption in Jesus Christ is a cosmic one."[6]

This resonates with the theologies of Karl Rahner (anonymous Christianity), Maximus the Confessor (logoi in all things), and Raimon Panikkar (cosmotheandric vision), though Gregorios develops his own distinct perspective.

7.3 Dialogue as Spiritual Hospitality

Dialogue is not debate, nor negotiation, nor syncretism. It is hospitality, the welcoming of divine presence mediated through the religious other. For Gregorios, authentic dialogue rests on deep listening, mutual vulnerability, a shared pursuit of truth, recognition of the divine spark in the other, and freedom from defensiveness. Such dialogue becomes a form of love, an expression of Christ's cosmic embrace that draws people into genuine encounter and into a fuller participation in the mystery of communion.

8. Toward a New Humanity: Eschatological Horizons

Mar Gregorios's eschatology is fundamentally hopeful, dynamic, and evolutionary—not catastrophic. He draws deeply from the ideas of Ernst Bloch's philosophy of hope, Teilhard de Chardin's evolutionary Christology, Gregory of Nyssa's epektasis (unending growth toward God) and Pauline theology (Romans 8: creation groaning toward liberation)

8.1 The Cosmic Movement Toward Pleroma

Teilhard's influence is clear in Gregorios's belief that evolution is oriented toward Omega, the final unification of creation in Christ. But Gregorios is more Orthodox in insisting that, the journey towards pleroma is relational rather than mechanistic, for it is divine energy that sustains the evolutionary ascent and love, rather than biological complexity, that provides the true measure of progress. In the eschaton all beings are brought into harmony, creation is healed of its fragmentation, and the cosmos becomes transparent to divine glory, revealing the fullness for which it has always been destined. The pleroma is not absorption, but communion.

8.2 Theosis as the Goal of Humanity

Orthodox theology understands salvation as theosis, participation in the divine life, and Gregorios stresses that this transformation is at once personal and communal, ethical and ecological, cosmic and historical. In this sense Mar Gregorios writes "Man belongs fully to the cosmos… and participates fully in a world whose basic characteristics are extension and change."[7] The vocation of the human person is to draw creation into divine communion. Thus, ecological destruction can be understood as failure of human vocation, whereas ecological healing is sacramental participation in divine life.

Humanity becomes fully itself only by becoming fully divine through grace, a process that unfolds in compassion, wisdom, responsibility, self-giving love, ecological reverence, and the pursuit of justice. In this vision, a sustainable future is not an optional concern but an essential dimension of theosis itself.

8.3 Eschatology and Ecological Ethics

Eschatology provides motivation, not escapism. Because creation is destined for glory, humans must preserve its integrity as humans are entrusted as stewards, heal its wounds, cooperate with its divine purpose and align human action with cosmic destiny. Gregory rejects both nihilistic pessimism and naive optimism. His eschatology is active hope, grounded in divine fidelity and human responsibility.

11. Conclusion

Dr Paulos Mar Gregorios's vision for a sustainable future is not an isolated environmental ethic, nor a political manifesto, nor a metaphysical specu-

lation, but a comprehensive theological anthropology rooted in the cosmic Christ. His contribution is uniquely positioned at the intersection of patristic orthodoxy, modern philosophical critique, scientific cosmology, socio-economic analysis, and interreligious dialogue. In his work, the fragmentation that characterizes modern human consciousness is confronted by a deeply integrated vision in which all aspects of reality cosmic, human, natural, spiritual, political, and eschatological participate in a single divine economy. For Gregorios, the ecological crisis is a symptom of a more profound spiritual and epistemological pathology: humanity's alienation from God, neighbour, and creation. Modernity's deserialization of the world produced a mechanistic cosmology in which nature became a resource, human beings became instruments, and economic systems became autonomous powers. Against this, he proposes a recovery of the

Orthodox sacramental worldview, in which creation is understood not as nature, but as ktisis—a reality sustained by divine energy, suffused with divine presence, and oriented toward divine fulfilment.

Sustainability, then, is not a managerial project but a Eucharistic vocation. The world is God's gift, and human beings are called to receive it in gratitude, offer it in thanksgiving, and share it in love. Ecological ethics is inseparable from justice, solidarity, and self-limitation; the cry of the earth and the cry of the poor are one and the same.

Moreover, Gregorios's deeply eschatological orientation situates ecological responsibility within a larger cosmic narrative. Human beings are "not-yet," dynamically becoming through history, drawn forward by divine love toward the pleroma the fullness of Christ. Evolution is not merely biological but spiritual; history is not random but teleological; the human task is to cooperate with the divine energies that guide creation toward transformation. Ecological action thus becomes cooperation with the divine project of reconciliation and renewal. His interreligious vision broadens the horizon even further. The cosmic work of Christ embraces all humanity, all religions, and the entire cosmos. Truth is not monopolized by Christianity; the divine Logos enlightens every human being

In conclusion, the Gregorian Vision presents one of the most comprehensive, profound, and transformative contributions to contemporary Christian ecological theology. It challenges the modern world to recover a holistic consciousness, to embrace relationality and communion, to pursue justice and compassion, and to participate in the cosmic liturgy of creation. If humanity is to move toward a sustainable future, it must rediscover its identity as microcosm, mediator, and participant in the divine life. Only then can we retune the cosmic symphony, restore harmony to creation, and journey toward the fullness of divine love revealed in the Cosmic Christ.

As we navigate the complexities of our age, the words of Paulose Mar Gregorios offer not only a spiritual appeal but also a profound ethical summons that resonates with the core arguments presented in this research. Therefore, it is fitting to end with the same prayer with which he himself concluded: "Come Lord, come as the fire, to burn our trash Come Lord, come as the wind, to cleanse Come Lord, come as the light, to show us the way Come Lord, come as the the healer, and make us whole Come Lord, come as the love, that we too may learn to love Come Lord, come as the the Saviour, to save us from ourselves Come, come to comfort, to convert, to convict, to consecrate, to create the new."

Notes

1. Paulos Mar Gregorios, "The Ground of Hope," in *Paulos Mar Gregorios: A Reader*, ed. K. M. George (Minneapolis: Fortress Press, 2017), 124.

2. Paulos Mar Gregorios, *Paulos Mar Gregorios: A Reader*, ed. K. M. George (Minneapolis: Fortress Press, 2017).

3. Anthropological Foundations: The Human Person as Microcosm and Mediator

2 Paulos Mar Gregorios, Paulos Mar Gregorios: A Reader, ed. K. M. George (Minneapolis: Fortress Press, 2017),

3 Paulos Mar Gregorios, Paulos Mar Gregorios: A Reader, ed. K. M. George (Minneapolis: Fortress Press, 2017)

4 Bloch, E. (1986). The Principle of Hope (N. Plaice, S. Plaice, & P. Knight, Trans.). MIT Press

6 Paulos Mar Gregorios, "The Ground of Hope," in Paulos Mar Gregorios: A Reader, ed. K. M. George (Minneapolis: Fortress Press, 2017), 124 (STFH 28).

7 Paulos Mar Gregorios, "The Technological–Sacramental Unity," in Paulos Mar Gregorios: A Reader, ed. K. M. George (Minneapolis: Fortress Press, 2017), 127–129.

Bibliography

Bloch, Ernst. The Principle of Hope. Translated by Neville Plaice, Stephen Plaice, and Paul Knight. 3 vols. Cambridge, MA: MIT Press, 1986.

Cox, Harvey. The Feast of Fools. Cambridge, MA: Harvard University Press, 1969.

Dionysius the Areopagite. The Divine Names and Mystical Theology. Translated by John D. Jones. Mahwah, NJ: Paulist Press, 1987.

Gregorios, Paulos Mar. An Eastern Orthodox Perspective of "Nature, Man and God."

Gregorios, Paulos Mar. "An Eco-Meditation." Paulos Mar Gregorios Official Website. Accessed insertdateinsert dateinsertdate. https://paulosmargregorios.in/.

Gregorios, Paulos Mar. "Global Forum on Environment and Development for Survival, Moscow." Paulos Mar Gregorios Official Website. Accessed insertdateinsert dateinsertdate. https://paulosmargregorios.in/.

Gregorios, Paulos Mar. "My Own Vision of the Ultimate: Why I Am an Eastern Orthodox Christian." Paulos Mar Gregorios Official Website. Accessed insertdateinsert dateinsertdate. https://paulosmargregorios.in/.

Gregorios, Paulos Mar. "Science, Technology, and the Future of Humanity (STFH)." In Paulos Mar Gregorios: A Reader, edited by K. M. George, 67–69. Minneapolis: Fortress Press, 2017.

Gregorios, Paulos Mar. "The Ground of Hope." In Paulos Mar Gregorios: A Reader, edited by K. M. George. Minneapolis: Fortress Press, 2017.

Gregorios, Paulos Mar. "The Human Presence (HP)." In Paulos Mar Gregorios: A Reader, edited by K. M. George, 95. Minneapolis: Fortress Press, 2017.

Gregory of Nyssa. The Life of Moses. Translated by Abraham J. Malherbe and Everett Ferguson. New York: Paulist Press, 1978.

Palamas, Gregory. The Triads. Translated by John Meyendorff. Mahwah, NJ: Paulist Press, 1983.

Panikkar, Raimon. The Unknown Christ of Hinduism. Maryknoll, NY: Orbis Books, 1981.

Rahner, Karl. Foundations of Christian Faith: An Introduction to the Idea of Christianity. New York: Seabury Press, 1978.

Teilhard de Chardin, Pierre. The Phenomenon of Man. New York: Harper & Row, 1959.

World Council of Churches. Justice, Peace, and the Integrity of Creation. Geneva: WCC Publications, 1983.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

വസ്ഥി രാജ്ഞി



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ബൈബിളിലെ എസ്ഥേറിന്റെ പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന രാജ്ഞിയായ വസ്ഥി, വളരെ കുറച്ച് വാക്യങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്നുവെങ്കിലും, അവളുടെ ജീവിതവും നിലപാടും അതീവ ആഴമുള്ള സന്ദേശമാണ് നൽകുന്നത്. പാർസ്യ സാമ്രാജ്യത്തിലെ ശക്തനായ രാജാവായ അഹശ്വേരോശിന്റെ ഭരണകാലത്ത് രാജ്ഞിയായിരുന്ന വസ്ഥി, രാജസഭയിലെ ആഡംബരവും അധികാരവുമുള്ള അന്തരീക്ഷത്തിൽ ജീവിച്ചിരുന്ന ഒരാളായിരുന്നു. എന്നാൽ രാജാവിന്റെ അനീതിയുള്ളതും സ്ത്രീമര്യാദയെ ലംഘിക്കുന്നതുമായ ഒരു കല്പന അവൾക്ക് മുന്നിൽ വന്നപ്പോൾ, അതിനെ അംഗീകരിക്കാൻ അവൾ തയ്യാറായില്ല.

രാജാവിന്റെ ആജ്ഞയെ അനുസരിക്കാത്തത് ആ കാലഘട്ടത്തിൽ അത്യന്തം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നറിയാമായിരുന്നിട്ടും വസ്ഥി തന്റെ ആത്മാഭിമാനവും വ്യക്തിത്വവും സംരക്ഷിക്കാൻ ധൈര്യത്തോടെ നിലകൊണ്ടു. ഇതിന്റെ ഫലമായി അവൾ രാജ്ഞിപദത്തിൽ നിന്ന് നീക്കം ചെയ്യപ്പെടുകയും രാജസഭയിൽ നിന്ന് അകറ്റപ്പെടുകയും ചെയ്തു. എന്നിരുന്നാലും, അധികാരത്തിന്റെ മുന്നിൽ തലകുനിക്കാതെ, സ്വന്തം മൂല്യങ്ങളിൽ ഉറച്ചുനിന്ന വസ്ഥിയുടെ ഈ തീരുമാനമാണ് അവളെ ചരിത്രത്തിൽ ഓർമ്മിക്കപ്പെടുന്ന ഒരു വ്യക്തിയാക്കുന്നത്.

സ്ത്രീകൾക്ക് ശബ്ദമില്ലാതിരുന്ന, അവരുടെ സ്വതന്ത്ര തീരുമാനങ്ങൾക്ക് വിലയില്ലാതിരുന്ന ഒരു സാമൂഹിക പശ്ചാത്തലത്തിൽ, വസ്ഥിയുടെ നിലപാട് ഒരു മൗനപ്രതിഷേധമായി നമുക്ക് കാണാവുന്നതാണ്. അവൾ പറഞ്ഞ 'ഇല്ല' എന്ന ഒറ്റ വാക്ക്, സ്ത്രീത്വത്തിന്റെയും ആത്മാഭിമാനത്തിന്റെയും പ്രതീകമായി ഇന്നും പ്രസക്തിയോടെ നിലകൊള്ളുന്നു. അതിനാൽ തന്നെ, വസ്ഥിയുടെ ജീവിതം നമ്മെ അധികാരത്തോടുള്ള അന്ധമായ അനുസരണത്തെക്കാൾ മൂല്യങ്ങളോടുള്ള വിശ്വസ്തത എത്രമാത്രം പ്രധാനമാണെന്ന് ഓർമ്മിപ്പിക്കുന്നു.

1. രാജകീയ പശ്ചാത്തലവും കല്പനയുടെ സ്വഭാവവും

പാർസ്യ രാജാവായ അഹശ്വേരോശ് തന്റെ രാജ്യമഹിമയും അധികാരവിസ്താരവും പ്രദർശിപ്പിക്കാനായി മഹത്തായ ഒരു വിരുന്ന് സംഘടിപ്പിച്ചു. അനവധി ദിവസങ്ങൾ നീണ്ടുനിന്ന ആ വിരുന്നിൽ, രാജ്യത്തിലെ പ്രഭുക്കന്മാരും സൈന്യാധിപന്മാരും ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു. ആ ഘട്ടത്തിൽ രാജാവ് തന്റെ സമ്പത്തും ശക്തിയും മറ്റുള്ളവർക്കു കാണിക്കാനായിരുന്നു ശ്രമിച്ചത്. ഈ ആഘോഷപരമായ അന്തരീക്ഷം, ക്രമേണ അഹങ്കാരവും സ്വയംപ്രശംസയും നിറഞ്ഞതായി മാറി.

വിരുന്നിനിടയിൽ വീഞ്ഞു കുടിച്ച് രാജാവിന്റെ വിവേചനബോധം മങ്ങിപ്പോയി. അതിന്റെ ഫലമായാണ് രാജ്ഞിയായ വസ്ഥിയെ പുരുഷന്മാരുടെ മുന്നിൽ കൊണ്ടുവരണമെന്ന കല്പന അവൻ നൽകിയത്. രാജ്ഞിയെ ഒരു ബഹുമാനപൂർണ സ്ഥാനത്തുള്ള വ്യക്തിയായി കാണാതെ, തന്റെ അധികാരത്തിന്റെ അലങ്കാരമായി കാണുന്ന സമീപനമാണ് ഈ കല്പനയിൽ പ്രകടമായത്. അത് രാജകീയ സംസ്കാരത്തിനും സ്ത്രീമര്യാദയ്ക്കും എതിരായ ഒരു പ്രവർത്തിയായിരുന്നു.

ഈ കല്പന വസ്ഥിയുടെ വ്യക്തിത്വത്തെയും ആത്മാഭിമാനത്തെയും ആഴത്തിൽ ബാധിക്കുന്നതായിരുന്നു. ഒരു രാജ്ഞിയെ പൊതുവേദിയിൽ പ്രദർശിപ്പിക്കുക എന്നത് അവളുടെ സ്ഥാനത്തെ അപമാനിക്കുന്നതോടൊപ്പം, ഒരു സ്ത്രീയുടെ അന്തസ്സിനെയും അവഗണിക്കുന്ന നടപടിയായിരുന്നു. ഈ സാഹചര്യമാണ് വസ്ഥിയെ ഒരു നിർണായക തീരുമാനത്തിലേക്ക് നയിച്ചത്. രാജകീയ അധികാരത്തിനു മുന്നിൽ വഴങ്ങണമോ, അല്ലെങ്കിൽ തന്റെ മാനവും മൂല്യങ്ങളും കാത്തുസൂക്ഷിക്കണമോ എന്ന വലിയ ചോദ്യമാണ് അവളുടെ മുമ്പിൽ ഉയർന്നത്. അവൾ സ്വീകരിച്ച തീരുമാനം പിന്നീട് ചരിത്രത്തിൽ വലിയ അർത്ഥം നേടിയതായി നമ്മൾ കാണുന്നു.

2 ആത്മാഭിമാനത്തെ കാത്ത രാജ്ഞി

രാജാവായ അഹശ്വേരോശ് തന്റെ അധികാരത്തിന്റെ അഹങ്കാരത്തിൽ നിന്നും മദ്യപാനത്തിന്റെ മയക്കത്തിൽ നിന്നുമാണ് രാജ്ഞിയായ വസ്ഥിക്ക് അപമാനകരമായ കല്പന നൽകിയത്. രാജകീയ വിരുന്നിനിടെ പുരുഷന്മാരുടെ മുമ്പിൽ അവളെ പ്രദർശിപ്പിക്കണമെന്ന ആ കല്പന, ഒരു രാജ്ഞിയെന്ന നിലയിലല്ല, ഒരു സ്ത്രീ എന്ന നിലയിലുമാണ് വസ്ഥിയെ അപമാനിച്ചത്. രാജാവിന്റെ കല്പനയായതിനാൽ അത് അനുസരിക്കണമെന്ന് പലരും കരുതിയേക്കാം. എന്നാൽ വസ്ഥി അങ്ങനെ ചിന്തിച്ചില്ല.

രാജ്ഞിയായിരുന്നിട്ടും താൻ ആദ്യം ഒരു സ്ത്രീയാണെന്ന സത്യം അവൾ മറന്നില്ല. തന്റെ മാനവും സ്ത്രീമര്യാദയും ലംഘിക്കുന്ന ഒരു കല്പനയ്ക്ക് വഴങ്ങുന്നത്, രാജ്ഞിപദം നിലനിർത്തുന്നതിനെക്കാൾ വലിയ നഷ്ടമാണെന്ന് അവൾ മനസ്സിലാക്കി. അധികാരവും പദവിയും സൗകര്യങ്ങളും ഉണ്ടായിരു

ന്നിട്ടും, അവയെക്കാൾ ഉയർന്ന സ്ഥാനത്ത് അവൾ സ്വന്തം ആത്മാഭിമാനത്തെ വച്ചു.

വസ്ഥി അനശ്വരയായി മാറുന്നത് അവൾ രാജ്ഞിയായിരുന്നതിനാലോ രാജകീയ അധികാരം ഉപയോഗിച്ചതിനാലോ അല്ല. മറിച്ച്, അവൾ ആത്മാഭിമാനത്തിന് മുൻഗണന നൽകി എടുത്ത ധൈര്യപൂർണമായ തീരുമാനത്തിലൂടെയാണ്. രാജാവിന്റെ കല്പന അനുസരിക്കാത്തത് അവളുടെ ജീവിതത്തിൽ വലിയ നഷ്ടങ്ങൾ ഉണ്ടാക്കുമെന്ന് അവൾക്കറിയാമായിരുന്നു. എന്നിരുന്നാലും, അധികാരത്തിനുമുന്നിൽ തലകുനിയാതെ, തന്റെ അന്തസ്സിനും മൂല്യങ്ങൾക്കും വേണ്ടി അവൾ നിലകൊണ്ടു. ഈ നിലപാടാണ് അവളെ സാധാരണ വ്യക്തികളിൽ നിന്ന് ഉയർത്തി, ഒരു പ്രതീകമാക്കി മാറ്റുന്നത്.

ഒരു നിമിഷംകൊണ്ട് വസ്ഥിയുടെ രാജ്ഞിപദം നഷ്ടപ്പെട്ടു; എന്നാൽ അതേ നിമിഷംകൊണ്ട് അവൾ മാനവമര്യാദയുടെ ഉയർന്ന സ്ഥാനത്ത് എത്തുകയും ചെയ്തു. പദവികൾ നഷ്ടപ്പെടാം, സൗകര്യങ്ങൾ അകറ്റപ്പെടാം, എന്നാൽ ആത്മാഭിമാനം നഷ്ടപ്പെട്ടാൽ മനുഷ്യൻ ഉള്ളിൽ തന്നെ തകരും. വസ്ഥി ഇതു വ്യക്തമായി മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അവൾ, രാജ്ഞിയായിരിക്കുമ്പോഴും, “താൻ ഒരു സ്ത്രീയാണ്, തനിക്ക് മാനമുണ്ട്” എന്ന സത്യം അവഗണിക്കാതിരുന്നത്.

ചരിത്രത്തിൽ പല രാജ്ഞിമാരുടെയും പേരുകൾ അധികാരവും സമ്പത്തും കാരണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്ഥിയുടെ പേര് നിലനിൽക്കുന്നത് ഒരു ‘ഇല്ല’ എന്ന വാക്ക് പറഞ്ഞതുകൊണ്ടാണ്. ആ ‘ഇല്ല’ രാജാവിനോടുള്ള അവഗണനയല്ല, മറിച്ച് അനീതിയോടുള്ള പ്രതിഷേധവും ആത്മാഭിമാനത്തോടുള്ള വിശ്വസ്തതയുമാണ്. സ്ത്രീകൾക്ക് ശബ്ദമില്ലാതിരുന്ന കാലത്ത്, വസ്ഥിയുടെ ഈ മൗനപ്രതിഷേധം ശക്തമായ ഒരു സന്ദേശമായി മാറി.

അതുകൊണ്ട് തന്നെ, വസ്ഥി ചരിത്രത്തിൽ അനശ്വരയായി മാറുന്നത് അവൾ ജയിച്ചതിനാലല്ല, എന്തു വില കൊടുത്തും ശരിയായത് തിരഞ്ഞെടുത്തതിനാലാണ്. അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, യഥാർത്ഥ മഹത്വം പദവികളിലും അധികാരത്തിലും അല്ല, മറിച്ച് ആത്മാഭിമാനം സംരക്ഷിക്കാൻ ഉള്ള ധൈര്യത്തിലാണ് എന്ന സത്യമാണ്. അതിനാലാണ്, രാജ്ഞിപദം നഷ്ടപ്പെട്ടിട്ടും, വസ്ഥി മനുഷ്യചരിത്രത്തിൽ ആത്മാഭിമാനത്തിന്റെ ശാശ്വത പ്രതീകമായി ഇന്നും ജീവിക്കുന്നത്.

3 അനീതിക്കെതിരെ നിൽക്കാനുള്ള വില

രാജാവിന്റെ കല്പന നിരസിക്കുക എന്നത് അന്നത്തെ രാജകീയ നിയമങ്ങളനുസരിച്ച് ഗുരുതരമായ കുറ്റമായിരുന്നു. രാജാവിന്റെ വാക്ക് തന്നെ നിയമമായിരുന്ന ഒരു കാലഘട്ടത്തിൽ, ആ കല്പനയെ ചോദ്യം ചെയ്യുന്നത് ധീരമായ കാര്യമായിരുന്നു. അത്തരം സാഹചര്യത്തിൽ വസ്ഥി, രാജാവിന്റെ കല്പന തുറന്നടിച്ച് നിരസിച്ചതിലൂടെ, അവൾ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ അപകടത്തിലേക്കാണ് കടന്നത്. അതിന്റെ ഫലമായി അവൾക്ക് രാജ്ഞിപദം നഷ്ടമായി, രാജസഭയിൽ നിന്നു പുറത്താക്കപ്പെടുകയും രാജകീയ ജീവിതത്തിലെ എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുകയും ചെയ്തു.

വസ്ഥിയുടെ ഈ നഷ്ടം വെറും ഒരു പദവിനഷ്ടമായി മാത്രമല്ല കാണേണ്ടത്. അത് സുരക്ഷയും സൗകര്യങ്ങളും, ബഹുമാനവും സ്ഥാനവും എല്ലാം ഒരുമിച്ച് നഷ്ടപ്പെടുന്ന അനുഭവമായിരുന്നു. രാജ്ഞിയായിരുന്ന അവൾ ഒരു നിമിഷം കൊണ്ട് സാധാരണ ജീവിതത്തിലേക്ക് തള്ളപ്പെട്ടു. എന്നിരുന്നാലും, ഈ വലിയ നഷ്ടങ്ങൾ നേരിടേണ്ടിവരുമെന്ന സത്യം അവൾക്കറിയാമായിരുന്നു. അതിനുശേഷവും, അവൾ തന്റെ നിലപാട് മാറ്റിയില്ല.

സത്യം പിന്തുടരുന്നത് എല്ലായ്പ്പോഴും ലാഭത്തിലേക്കല്ല നയിക്കുന്നത്. പലപ്പോഴും അത് വേദനയിലേക്കും നഷ്ടങ്ങളിലേക്കും ത്യാഗത്തിലേക്കുമാണ് നയിക്കുന്നത്. വസ്ഥിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, ശരിയായ കാര്യം ചെയ്യുമ്പോൾ പോലും കഷ്ടപ്പാടുകൾ ഉണ്ടാകുമെന്ന് ആണ്. എന്നാൽ, അത്തരം നഷ്ടങ്ങൾക്കിടയിലും സത്യത്തിനായി നിലകൊള്ളുന്ന ധൈര്യമാണ് ഒരു മനുഷ്യനെ യഥാർത്ഥത്തിൽ മഹാനാക്കുന്നത്. അനീതിക്കെതിരെ നിൽക്കുമ്പോൾ നൽകേണ്ട വില വലിയതായിരിക്കാം, പക്ഷേ ആ നിലപാടിന്റെ ആത്മീയ മൂല്യം അതിലും വലുതാണ്.

4 സാമൂഹിക സന്ദേശവും സ്ത്രീമര്യാദയുടെ പ്രാധാന്യവും

വസ്ഥിയുടെ തീരുമാനം അവളുടെ വ്യക്തിപരമായ ജീവിതത്തിൽ മാത്രം ഒതുങ്ങിയില്ല. അത് ആ കാലത്തെ സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനം എന്തായിരുന്നു എന്നതിനെക്കുറിച്ചുള്ള ഒരു ശക്തമായ ചോദ്യമായി മാറി. സ്ത്രീകളെ സ്വന്തമായ ഇഷ്ടങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കാവുന്ന വസ്തുവായി കാണുന്ന ചിന്താധാരകൾക്ക് എതിരായ വ്യക്തമായ നിലപാടായിരുന്നു വസ്ഥിയുടെ നടപടി. രാജ്ഞിയായിരുന്നിട്ടും, അവൾ ഇത്തരം അനീതിയുള്ള സമീപനങ്ങളെ അംഗീകരിച്ചില്ല എന്നത് ഈ തീരുമാനത്തിന് കൂടുതൽ ശക്തി നൽകി.

സ്ത്രീയുടെ സൗന്ദര്യം മാത്രമല്ല, അവളുടെ മാനവും സ്വാതന്ത്ര്യവും ആദരിക്കപ്പെടണം എന്ന സത്യം വസ്ഥിയുടെ ജീവിതം ഉയർത്തിപ്പിടിക്കുന്നു. സ്ത്രീക്ക് സ്വന്തം തീരുമാനങ്ങൾ എടുക്കാനുള്ള അവകാശം ഉണ്ടെന്നും, അവളുടെ ശരീരവും ജീവിതവും മറ്റൊരാളുടെ വിനോദത്തിനോ അഭിമാനപ്രദർശനത്തിനോ ഉള്ളതല്ലെന്നും അവളുടെ നിലപാട് വ്യക്തമാക്കുന്നു. ഈ സന്ദേശം ആ കാലഘട്ടത്തിൽ മാത്രമല്ല, ഇന്നത്തെ സമൂഹത്തിലും അത്ര തന്നെ പ്രസക്തമാണ്.

ചരിത്രഗ്രന്ഥങ്ങളിൽ വസ്ഥിക്ക് വലിയ സ്ഥാനമില്ലായിരിക്കാം. എന്നാൽ അവൾ എടുത്ത നിലപാട് കാലങ്ങളിലൂടെ മുന്നോട്ട് സഞ്ചരിച്ചു. വസ്ഥിയുടെ രാജ്ഞിപദം നഷ്ടപ്പെട്ടതോടെ അവളുടെ ശബ്ദം അന്നത്തെ രാജസഭയിൽ മാഞ്ഞു പോയതായി തോന്നിയേക്കാം. എന്നാൽ അവൾ എടുത്ത നീതിപൂർണമായ നിലപാട് ചരിത്രത്തിന്റെ ഓർമ്മയിൽ നിലനിന്നു. അധികാരത്തിനു മുന്നിൽ പോലും സ്ത്രീക്ക് “ഇല്ല” എന്നു പറയാനുള്ള അവകാശമുണ്ടെന്ന സത്യം അവളുടെ പ്രവർത്തിയിലൂടെ വ്യക്തമായി. അന്നത്തെ സമൂഹത്തിൽ സ്ത്രീയെ പുരുഷന്റെ അഭിമാനപ്രദർശനത്തിനുള്ള വസ്തുവായി കാണുന്ന പ്രവണതയുണ്ടായിരുന്നു. വസ്ഥിയുടെ നിലപാട് ഈ ചിന്തയെ ചോദ്യം ചെയ്തു.

കാലങ്ങൾ കടന്നുപോകുമ്പോൾ, വസ്ഥിയെ അറിയുന്ന ഓരോ തലമുറയും അവളുടെ നിലപാടിൽ ഒരു പുതിയ അർത്ഥം കണ്ടെത്തി. അവൾ ഒന്നും പ്രസംഗിച്ചില്ല, നിയമങ്ങൾ മാറ്റിയില്ല, പക്ഷേ ആത്മാഭിമാനം ലംഘിക്കുന്ന ഒരു കല്പനയെ നിരസിച്ചതിലൂടെ സ്ത്രീമാന്യത എന്ന ആശയത്തിന് അവൾ ശക്തമായ അടിത്തറ നൽകി. സ്ത്രീയുടെ ശരീരം, മാനസികതലം, തീരുമാനങ്ങൾ എന്നിവയെല്ലാം അവളുടെ സ്വന്തമാണെന്നും, അവയെ നിയന്ത്രിക്കാൻ മറ്റാർക്കും അവകാശമില്ലെന്നും അവളുടെ ജീവിതം നിശ്ശബ്ദമായി പ്രഖ്യാപിച്ചു.

ഈ നിലപാട് പിന്നീട് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള ചിന്തകൾക്ക് പ്രചോദനമായി. “സ്ത്രീമാന്യത” എന്നത് വെറും സാമൂഹിക നിയമമല്ല, മനുഷ്യന്റെ അന്തസ്സുമായി ബന്ധപ്പെട്ട ആത്മീയ സത്യമാണെന്ന ബോധം വളരാൻ വസ്ഥിയുടെ ജീവിതം സഹായിച്ചു. അവൾ അനുഭവിച്ച നഷ്ടങ്ങൾ, ഭയങ്ങൾ, ഒറ്റപ്പെടൽ ഇവ എല്ലാം സഹിച്ച് അവൾ നിലകൊണ്ടത്, ആത്മാഭിമാനത്തിന് വേണ്ടിയുള്ള പോരാട്ടം എത്ര വിലയേറിയതാണെന്ന് ലോകത്തെ പഠിപ്പിച്ചു.

അങ്ങനെ, വസ്ഥിയുടെ നിലപാട് ഒരു കാലഘട്ടത്തിലെ ഒറ്റപ്പെട്ട സംഭവമായി മായാതെ, കാലങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരു ചിന്തയായി മാറി. സ്ത്രീമര്യാദയും ആത്മാഭിമാനവും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഓരോ കാലത്തും ഓരോ രൂപത്തിൽ മനുഷ്യരെ ഓർമ്മിപ്പിക്കുന്ന ഒരു ദീപസ്തംഭമായി അവളുടെ ജീവിതം മാറി. അതിനാലാണ്, വസ്ഥിയുടെ തീരുമാനം ഇന്നും പ്രസക്തമായി നിലകൊള്ളുന്നതും, ചിന്തകൾക്ക് പുതിയ ദിശ നൽകുന്നതും. പലപ്പോഴും വലിയ മാറ്റങ്ങൾ തുടങ്ങുന്നത് ശബ്ദമില്ലാത്ത, എന്നാൽ ധൈര്യമായ ഒരു നിലപാടിലൂടെയാണ്. വസ്ഥിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, സ്ത്രീമര്യാദ സംരക്ഷിക്കുന്നത് ഒരു വ്യക്തിയുടെ മാത്രം കാര്യമല്ല, അത് മുഴുവൻ സമൂഹത്തിന്റെയും ഉത്തരവാദിത്വമാണെന്ന സത്യമാണ്.

5 വസ്ഥിയുടെ ജീവിതത്തിൽ നിന്നുള്ള ആത്മീയ പാഠങ്ങൾ

വസ്ഥിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന പ്രധാന ആത്മീയ സത്യം ഇതാണ്, ദൈവദൃഷ്ടിയിൽ മനുഷ്യന്റെ യഥാർത്ഥ മൂല്യം അവന്റെ സ്ഥാനത്തിലും അധികാരത്തിലും അല്ല, മറിച്ച് അവന്റെ സ്വഭാവത്തിലും നീതിയിലും ആണ്. രാജ്ഞിയായിരുന്നിട്ടും, വസ്ഥി തന്റെ പദവിയെക്കാൾ സത്യത്തെയും നീതിയെയും ഉയർത്തിപ്പിടിച്ചു. ഇതിലൂടെ, മനുഷ്യൻ എത്ര വലിയ സ്ഥാനത്തുണ്ടായാലും, ദൈവസന്നിധിയിൽ അവന്റെ ഹൃദയാവസ്ഥയാണ് പ്രധാനമെന്ന് നമുക്ക് മനസ്സിലാക്കാം.

വസ്ഥിയുടെ ജീവിതം മറ്റൊരു സത്യം കൂടി വ്യക്തമാക്കുന്നു. തെറ്റായ കാര്യങ്ങൾ നടക്കുമ്പോൾ മൗനം പാലിക്കുന്നത് ശരിയായ നിലപാടല്ല. മൗനം പലപ്പോഴും തെറ്റിന് അംഗീകാരം നൽകുന്നതിന് തുല്യമായി മാറും. വസ്ഥി മൗനം പാലിച്ചില്ല; അവൾ തെറ്റെന്ന് തിരിച്ചറിഞ്ഞ കാര്യത്തോട് വ്യക്തമായി "ഇല്ല" എന്നു പറഞ്ഞു. ഈ "ഇല്ല" എന്ന വാക്കാണ് അവളുടെ ആത്മീയ ശക്തിയുടെ അടയാളമായി മാറിയത്.

ശരിയെന്ന് തോന്നുന്ന കാര്യത്തിന് വേണ്ടി നിലകൊള്ളാൻ വലിയ ധൈര്യം ആവശ്യമാണ്. അതിന് ചിലപ്പോൾ നഷ്ടങ്ങളും വേദനകളും അനുഭവിക്കേണ്ടി വരും. വസ്ഥിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, ഭയത്തേക്കാൾ വലുതാണ് സത്യത്തിനോടുള്ള ഉത്തരവാദിത്വം എന്നതാണ്. ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത് എല്ലായ്പ്പോഴും സൗകര്യപ്രദമായ വഴികൾ തിരഞ്ഞെടുക്കാനല്ല, മറിച്ച് നീതിയുള്ള വഴികൾ പിന്തുടരാനാണ്.

അവസാനമായി, വസ്ഥിയുടെ ജീവിതം ഓരോ വിശ്വാസിയേയും ആത്മപരിശോധനയ്ക്ക് ക്ഷണിക്കുന്നു. നാം അനീതിയെ കാണുമ്പോൾ എങ്ങനെയാണ് പ്രതികരിക്കുന്നത്? സത്യം സംരക്ഷിക്കാൻ നാം തയ്യാറാണോ? വസ്ഥിയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത്, ധൈര്യത്തോടെ സ്വീകരിച്ച ഒരു നീതിപൂർണമായ തീരുമാനം ദൈവദൃഷ്ടിയിൽ വിലപ്പെട്ടതാകുന്നു എന്ന ആത്മീയ സത്യമാണ്. ദൈവദൃഷ്ടിയിൽ മനുഷ്യന്റെ മൂല്യം അവന്റെ സ്ഥാനത്തിലോ അധികാരത്തിലോ അല്ല, അവന്റെ സ്വഭാവത്തിലും നീതിയിലും ആണ്. വസ്ഥിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, തെറ്റായ കാര്യങ്ങളിൽ മൗനം പാലിക്കുന്നത് ശരിയല്ല എന്നതാണ്. ശരിയെന്ന് തോന്നുന്ന കാര്യത്തിന് വേണ്ടി നിലകൊള്ളാൻ ധൈര്യം ആവശ്യമാണ്.

രാജ്ഞിയായ വസ്ഥി, രാജാവിന്റെ ഉത്തരവിനെ അനുസരിക്കാതിരുന്നതിനാൽ പുറത്താക്കപ്പെട്ടുവെങ്കിലും, അവൾ യഥാർത്ഥത്തിൽ പരാജിതയല്ല. ലോകത്തിന്റെ കാഴ്ചയിൽ അവൾ പദവിയും മഹത്വവും നഷ്ടപ്പെട്ട ഒരാളായി തോന്നിയേക്കാം. എന്നാൽ ദൈവദൃഷ്ടിയിൽ അവൾ തന്റെ സ്വയംമര്യാദയും സത്യനിഷ്ഠയും കാത്തുസൂക്ഷിച്ച ധൈര്യവതിയായി ഉയർന്നുനിൽക്കുന്നു. അവൾ സ്വീകരിച്ച നിലപാട്, അവളുടെ ജീവിതത്തെ പരാജയമായി അല്ല, മറിച്ച് ഒരു ശക്തമായ സാക്ഷ്യമായി മാറ്റി.

അധികാരത്തിനുമുന്നിൽ പോലും മാനവും നീതിയും സംരക്ഷിക്കേണ്ടതാണെന്ന് വസ്ഥിയുടെ ജീവിതം നമ്മെ ശക്തമായി ഓർമ്മിപ്പിക്കുന്നു. ഭയം, സമ്മർദ്ദം, നഷ്ടഭയം എന്നിവ മൂലം സത്യത്തെ വിട്ടുവീഴ്ച ചെയ്യാൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളിൽ പോലും, ശരിയായ നിലപാട് സ്വീകരിക്കാനുള്ള ധൈര്യമാണ് യഥാർത്ഥ വിശ്വാസത്തിന്റെ അടയാളം. വസ്ഥിയുടെ ജീവിതം, മനുഷ്യന്റെ മൂല്യം അവന്റെ സ്ഥാനത്തിലല്ല, അവന്റെ മൂല്യങ്ങളിൽ തന്നെയാണെന്ന സത്യം വീണ്ടും വീണ്ടും വ്യക്തമാക്കുന്നു.

ഇന്നത്തെ സമൂഹത്തിലും വസ്ഥിയുടെ ജീവിതസന്ദേശം അത്ര തന്നെ പ്രസക്തമാണ്. സ്ത്രീകൾക്ക് മാത്രമല്ല, പുരുഷന്മാർക്കും അവളുടെ ജീവിതം പ്രചോദനമാണ്. അനീതിയെ കാണുമ്പോൾ മൗനം പാലിക്കാതെ സത്യത്തിനായി നിലകൊള്ളാൻ, സ്വന്തം മാനവും മറ്റുള്ളവരുടെ മാനവും സംരക്ഷിക്കാൻ, വസ്ഥിയുടെ ജീവിതം നാം ഓരോരുത്തരെയും വെല്ലുവിളിക്കുന്നു.



ഹിലോലോഗിയാ ദയറായുടെ (കണ്ടനാട് ഈസ്റ്റ്) കൂദാശയ്ക്കു ഡോ. തോമസ് മാർ അത്താനാസ്യോസ് മുഖ്യ കാർമ്മികത്വം വഹിച്ചു.



മാത്യൂസ് മാർ എപ്പിഫാനിയോസിന്റെ ഓർമ്മപെരുന്നാൾ കൊല്ലം ഭദ്രാസന അരമന പള്ളിയിൽ ആചരിച്ചു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു.

പുസ്തകം



ഫാ. ജേക്കബ് മാത്യു കാരിച്ചാൽ രചിച്ച 'ഇടക്കാല വേദഗ്രന്ഥങ്ങളും സാഹിതീയ അധിനിവേശാനന്തര വായനയും' എന്ന പുസ്തകത്തിന്റെ പ്രകാശനം മാരാമൺ കൺവൻഷൻ മണൽപ്പുറത്ത് മാത്യൂസ് മാർ സെറാഫിം എപ്പിസ്കോപ്പാ നിർവഹിച്ചു. റവ. രാജു അഞ്ചേരി ആദ്യ പ്രതി ഏറ്റുവാങ്ങി. റവ. ഡോ. ജോൺ ഫിലിപ്പ് അട്ടത്തറയിൽ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, റവ. സാം കോശി. റ്റി എന്നിവർ പ്രസംഗിച്ചു. തിരുവല്ല തിയോളജിക്കൽ ലിറ്ററേച്ചർ കൗൺസിൽ (ടി.എൽ.സി.) ആണ് പ്രസാധകർ.

സെമിനാരിയിൽ പ്രവേശനം ലഭിച്ചവർ

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിലേക്കും നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരിയിലേക്കും 2026-2030 അദ്ധ്യയന വർഷത്തേക്ക് പ്രവേശനം നേടിയവർ:

ഓർത്തഡോക്സ് വൈദിക സെമിനാരി, കോട്ടയം: ജെബിൻ ഷിബു (തിരുവനന്തപുരം), വിപിൻ വർഗീസ് (കൊട്ടാരക്കര-പുനലൂർ) ഷിന്റോ ഷാജി (മാവേലിക്കര), ലിനോ ഫിലിപ്പ് (തുമ്പമൺ), ലെബിൻ തരിയൻ, സ്വേജോ പ്രസാദ് (ചെങ്ങന്നൂർ), അലൻ തോമസ് വർഗീസ് (നിരണം), ഡെന്നി കുര്യൻ, ജൊഹാൻ നൈനാൻ പോൾ (കോട്ടയം), എബിൻ പൊന്നച്ചൻ (കോട്ടയം സെൻട്രൽ), എൽദോസ് സാജു (കണ്ടനാട് വെസ്റ്റ്). എബിൻ എൽദോസ്, കുര്യാക്കോസ് പി. പി. (അങ്കമാലി), ആഷിഷ് എം. വർഗീസ് (കൊച്ചി), റിന്റോ സൈമൺ സി. (കുന്നംകുളം), റിതിൻ റോയി തോമസ് (സുൽത്താൻ ബത്തേരി), ക്ലാട്ടൻ ബോർഗേസ് സുവേഷ്സ് (ബ്രഹ്മവാർ), ജേക്കബ് ജോൺ (സൗത്ത് വെസ്റ്റ് അമേരിക്ക), റോഷൻ എം. വർഗീസ് (എം.ജി.ഒ.സി.എസ്.എം.), ഫാ. വിശാൽ തോമസ് (ബഥനി ആശ്രമം).

സെന്റ് തോമസ് വൈദിക സെമിനാരി, നാഗ്പൂർ: അനൂപ് കെ. ജോമി (മദ്രാസ്), ഫിനോ ഫിലിപ്പ്, ജോബിൽ ജോൺ സ്കറിയ, സജി റെജി (ബാംഗ്ലൂർ), തുണ്ടിൽ സിബിൻ ജേക്കബ് (ബോംബെ), ഗിൽസൺ ഫിലിപ്പ് (അഹമ്മദാബാദ്), ക്രിസ്റ്റിൻ തോമസ്, വിത്സൻ അലക്സ് (കൽക്കട്ട), അഖിൽ വർഗീസ് മാത്യു, ഷിനോ ഷാജി കടവിൽ (ഡൽഹി).

വചനതീർത്ഥം

വലിയ നോമ്പിലെ ഒന്നാം ഞായർ (യോഹന്നാൻ 2:1-11)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ പ്രതിപാദിക്കുന്ന 7 അടയാളങ്ങളിൽ ആദ്യത്തെ അടയാളമാണിത്. തന്റെ മഹത്വം വെളിപ്പെടുത്തുവാനും ശിഷ്യന്മാരുടെ വിശ്വാസവളർച്ചയ്ക്കും ആണ് അടയാളങ്ങളുടെ ആരംഭമായി ഇത് ചെയ്തത് എന്ന് സുവിശേഷം സാക്ഷിക്കുന്നു.



രുചി പകരുന്ന ക്രിസ്തു സാന്നിധ്യത്തെ തിരിച്ചറിയുക

സാധാരണ വെള്ളത്തെ വിലയേറിയതും രുചികരവും മറ്റുള്ളവരെ ഉന്മേഷഭരിതം ആക്കുന്നതിന് ശക്തിയുള്ളതുമായ വീഞ്ഞാക്കി മാറ്റുകയാണ്. ഈ രൂപാന്തരം മനുഷ്യാവതാരത്തിലൂടെ സംഭവിക്കുന്ന പരിവർത്തനങ്ങളുടെ വലിയ സൂചനയാണ് ഓജസും തേജസും നഷ്ടപ്പെട്ട മനുഷ്യകുലത്തെ മനുഷ്യാവതാരം മൂലം യേശുക്രിസ്തു പുതിയ സൃഷ്ടിയായി രൂപപ്പെടുത്തുകയായിരുന്നു. മനുഷ്യനെ വിശുദ്ധീകരിച്ച് അലങ്കരിച്ച് പുതിയ ജീവിതം ആക്കി തീർക്കുന്നു എന്ന സത്യമാണ് വെള്ളം ആയി മാറുന്നതിലൂടെ നമുക്ക് ബോധ്യമാകുന്നത്.

യാതൊരു പ്രയോജനവും ഇല്ലാത്ത ജീവിതങ്ങളായി നാം മാറുന്നു എന്ന് ചിലപ്പോഴെങ്കിലും പരിതപിക്കുകയും നൊമ്പരപ്പെടുകയും ചെയ്യുമ്പോൾ നമുക്ക് ഇനിയും ചില സാധ്യതകൾ ഉണ്ട് എന്ന് വലിയ ആശ്വാസം ഈ വേദഭാഗം നമുക്ക് നൽകുന്നുണ്ട്. ജീവിതത്തിൽ ഒന്നും അവസാനിച്ചിട്ടില്ല എന്ന് ഒരു ഓർമ്മപ്പെടുത്തൽ കൂടെയാണ് കാനായിലെ കല്യാണവീട് നമുക്ക് പകർന്നു നൽകുന്നത്. വെള്ളം വീഞ്ഞ് ആയി മാറുവാനുള്ള മാനദണ്ഡം അവൻ നിങ്ങളോട് എന്ത് കൽപ്പിച്ചാലും അതുപോലെ ചെയ്യുക എന്ന ദൈവമാതാവിന്റെ നിർദ്ദേശം മാത്രമാണ്. ദൈവകൽപ്പനകൾ പാലിക്കുകയും അനുസരിക്കുകയും ചെയ്തു ക്രിസ്തു സാന്നിധ്യത്തിനായി നാം കാത്തിരിക്കുമ്പോൾ തീർച്ചയായിട്ടും നാമും പ്രയോജനം ഉള്ളവരായി രൂപപ്പെടുമെന്നുള്ളതിന് രണ്ട് പക്ഷമില്ല.

കണക്കുകൂട്ടലുകളിൽ പ്രശംസിക്കാതിരിക്കുക

അപ്രതീക്ഷിതമായി വീഞ്ഞ് തീർന്നു പോയ ഒരു വിവാഹ ഭവനം എന്നുള്ളതിനേക്കാളും ഉപരിയായി കണക്ക് കൂട്ടലുകൾ തെറ്റിപ്പോയ ഒരു ഭവനമായി വേണം ഈ വീടിനെ നാം മനസ്സിലാക്കുവാൻ. കണക്കുകൂട്ടലുകൾ തെറ്റുമ്പോഴാണ് ജീവിതത്തിലെ കുറവുകൾ സംഭവിക്കുന്നത്. നാമും തിരിച്ചറിയേണ്ട വലിയ യാഥാർത്ഥ്യം ഇതു തന്നെയാണ്. എല്ലാം ശരിയെന്ന് കണക്കുകൂട്ടി ഇരിക്കുമ്പോഴും ജീവിതത്തിൽ സംഭവിക്കാവുന്ന അപ്രതീക്ഷിതങ്ങളായ സംഭവങ്ങളെ നാം എപ്പോഴും കരുതിയിരിക്കണം.


യാത്രയ്ക്ക് വടി അരുത് (ലൂക്കോസ് 9:3) എന്ന നമ്മുടെ കർത്താവിന്റെ വാക്ക് ജീവിതത്തിലെ അനാവശ്യ കണക്കുകൂട്ടലുകൾ ഒഴിവാക്കുക എന്നതിന്റെ വ്യക്തമായ സൂചനയാണ്. നടക്കുവാനും അളന്നു നോക്കുവാനുമുള്ളതാണ് വടി. എന്നാൽ എപ്പോഴും അത്തരം കണക്കുകൂട്ടലുകൾ ആവശ്യമില്ല എന്ന് പറയുന്ന ഇടത്താണ് യാത്രയ്ക്ക് വടി പാടില്ല എന്ന് ഗുരുമൊഴി. ഇന്ന് പലപ്പോഴും നാം നടത്തുന്ന കണക്കുകൂട്ടലുകൾ തകരുമ്പോൾ നാം തന്നെ തകർന്നുപോകാറുണ്ട്. പല ആത്മഹത്യകളും നടക്കുന്നത് ഈ കണക്കുകളും കണക്കുകൂട്ടലുകളും പിഴക്കുമ്പോഴാണ്. അവിടെയാണ് കണക്ക് കൂട്ടലുകൾക്ക് അപ്പുറത്ത് ദൈവസന്നിധിയിലുള്ള സമർപ്പണത്തിന്റെ പ്രസക്തി.

അവസാനം വരെ നല്ല വീഞ്ഞ് കാത്തുസൂക്ഷിക്കുക

കാനായിലെ കല്യാണ വീട്ടിലെ ഏറ്റവും ശ്രദ്ധേയമായ ചോദ്യം കലവറക്കാരന്റേതാണ്. അയാൾ വീട്ടുകാരനെ വിളിച്ച് ചോദിക്കുന്ന ഒരു ചോദ്യം അവസാനം വരെ നല്ല വീഞ്ഞ് സൂക്ഷിക്കുവാൻ നിനക്ക് എങ്ങനെ കഴിഞ്ഞു എന്നുള്ളതാണ്. വീഞ്ഞായി മാറിയ വെള്ളം രുചിച്ചു നോക്കിയിട്ട് അയാൾ നടത്തുന്ന ചോദ്യമാണിത്. സാധാരണ വിരുന്ന് ശാലകളുടെ ശീലം ആദ്യമേ നല്ല തരം വീഞ്ഞും ലഹരി പിടിച്ചതിനു ശേഷം മേന്മ കുറഞ്ഞതും വിളമ്പുക എന്നതാണ്. എന്നാൽ ഈ വീട്ടുകാരനെ വ്യത്യസ്തനാക്കുന്നത്. അവസാനം വരെ നല്ല വീഞ്ഞ് കാത്തുസൂക്ഷിക്കുവാൻ അയാൾക്ക് സാധിച്ചു എന്നതാണ്.

നമ്മുടെ ജീവിത വഴികളിലെല്ലാം നമ്മോട് തന്നെ ചോദിക്കേണ്ട ചോദ്യങ്ങളിൽ ഒന്നാണിത്. ജീവിതത്തിന്റെ ആദ്യ നാളുകളിൽ നല്ലത് മാത്രം വിളമ്പിയവരായ നാം കുറെ കഴിയുമ്പോൾ വളരെ യാന്ത്രികമായി മേന്മ കുറഞ്ഞതും സ്വാദ് നഷ്ടപ്പെട്ടതും ആയ വീഞ്ഞുകളല്ലേ വിളമ്പുന്നത് എന്ന് നമ്മോട് തന്നെ ചോദിക്കണം. നമ്മുടെ വിവാഹ ജീവിതത്തിലും തൊഴിൽ മേഖലയിലും ബന്ധങ്ങളിലും ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന സ്വാദും ലഹരിയും കാലം മുന്നോട്ടുപോയപ്പോൾ കാത്തുസൂക്ഷിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ. ജീവിതത്തിൽ യാന്ത്രികത ബാധിച്ചപ്പോൾ വിളമ്പുന്നത് ഒക്കെ സ്വാദില്ലാത്തതാണെന്ന് നമുക്ക് തോന്നുന്നുവെങ്കിൽ അവിടെയാണ് കാനായിലെ കല്യാണവീട് നമുക്ക് പ്രചോദനമാകുന്നത്. "നീ നിൻറെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു ഒരു പരാതി എനിക്ക് നിന്നെക്കുറിച്ച് ഉണ്ടെന്ന്" എഫേസൂസിലെ സഭയോട് വിശുദ്ധ യോഹന്നാൻ പറയുന്നുണ്ട് (വെളിപാട് 2:4). നഷ്ടപ്പെട്ടുപോയ ആദ്യ സ്നേഹങ്ങളെ തിരികെ പിടിക്കുവാൻ ഉള്ള ഒരു ആഹ്വാനം കാനായിലെ കല്യാണവീട് നമുക്ക് പറഞ്ഞു തരുന്നുണ്ട്. അവസാനം വരെ നല്ല വീഞ്ഞ് കാത്തു സൂക്ഷിക്കുവാൻ നമുക്ക് കഴിയണം. അതിന് ക്രിസ്തു സാന്നിധ്യവും ശ്ലീഹന്മാരുടെ മാധ്യസ്ഥവും ദൈവമാതാവിന്റെ അപേക്ഷകളും നമുക്ക് കൂട്ടും ഉണ്ടാകും.

❑






Church Calendar

The Transformation: From the Humane to the Divine

First Sunday of the Great Lent

(St. John 2:1–11)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)



We are moving from the second stage of the Church's liturgical year into the third stage. This period is known as the Great Lent. Spanning seven weeks, this period extends until Passion Week (Holy Week).

The season begins with Kothine Sunday, which commemorates the miracle of turning plain water, which has no scent or color, into wine that possesses taste, fragrance, and color through the touch of the Lord's hand. During this time, we specifically meditate on certain miracles performed by Jesus during His public ministry. Following this, we meditate on the Lord's triumphal entry into the Jerusalem temple riding on a donkey as the King of Kings on Hosanna Sunday (Palm Sunday), and the week of His Passion that follows. This season of Great Lent is a time intended to lead believers into repentance and the experience of penance.

In today's Old Testament readings, we see references to the observance of Lent: "Even now," declares the Lord, "return to me with all your heart, with fasting and weeping and mourning. Rend your heart and not your garments. Return to the Lord your God" (Joel 2:12–13).

Furthermore, the book of the Prophet Isaiah describes what kind of fast ours should be:

"Is not this the kind of fasting I have chosen: to loose the chains of injustice... Is it not to share your food with the hungry and to provide the poor wanderer with shelter—when you see the naked, to clothe them, and not to turn away from your own flesh and blood?" We read further: "If you do away with the yoke of oppression, with the pointing finger and malicious talk, and if you spend yourselves in behalf of the hungry and satisfy the needs of the afflicted, then your light will rise in the darkness" (Isaiah 58:6-10).

Therefore, our fasting and Lent should enable us to turn away from all evils and perform righteous deeds.

In the Boovoso (prayer) of the ninth hour on Thursday of the Great Lent, we pray: "The sower goes out to the field to sow seeds." A field never goes to the farmer; likewise, we must go to those in distress and help them. We should not wait for the needy to come to us. We begin the Lent by asking for forgiveness/peace from everyone. Therefore, may this Lenten season be a time of true fasting, prayer, and charity, enabling us to forgive one another and share the love of God.

Today's Gospel portion is from St. John 2:1-11. It describes the miracle where Jesus, His mother, and His disciples attended the wedding feast at Cana, and through the intervention of the Mother of our Lord, water was miraculously turned into delicious wine.

Cana is a small town near Nazareth. The name 'Kothine' is found specifically in the Syrian tradition. Since Jesus' mother and others were present there, this house was likely one very closely related or familiar to Jesus. It is said that this was the house of Nathaniel, and the master of the feast was Lazarus of Bethany. This is the first time the Lord appears publicly in a place with His disciples.



Timely Intervention Brings Solutions

A crucial element of this wedding feast was the wine. However, as it was being served, it ran out before everyone was satisfied. This created a major problem for the household. How could they serve wine to the remaining guests? It is in this context that the Mother of Jesus intervenes. Through her timely intervention, the problems of the house are resolved. Having understood the shortage, she does not discuss it with others but approaches her Son directly.

The response she receives, "Woman, what does that have to do with me and you?" is not an expression of bitterness or disrespect. Rather, it can be understood as, "It's alright, don't worry, we are aware of this matter." Furthermore, "My hour has not yet come" indicates that the time for His divine power to be fully revealed had not yet arrived. All His actions occurred in a specific manner and at a specific time. It could also mean that the divine inspiration from God the Father was yet to be received.

Even if it seemed like He was ignoring His mother's request, she had firm confidence that her Son would listen to her words. That is why she gave instructions to the servants: "Do whatever He tells you" (St. John 2:5).

Maturity in Handling Shortages

We read in the Epistle of St. James 3:5, "Consider what a great forest is set on fire by a small spark. The tongue also is a fire." In society, families, or personal lives, when a small problem arises, we often make it worse by gossiping and causing misunderstandings, like pouring oil on a fire. Here, when Mary realized there was a difficulty in the house of the feast, she calmly worked toward a solution. It was only because of her timely and mature action that the shortage was resolved without anyone else even knowing.

Identifying shortcomings leads to problem-solving. The "shortage" in this house was that the wine was insufficient. This might have been due to a lack of responsibility by the hosts, a lack of attention, or perhaps more guests arrived than were invited. Regardless, no one tried to blame each other; instead, they made an effort to solve the problem. Only when we recognize and acknowledge shortcomings can we rectify them.

It is through the experience of the Holy Lent that we choose the path of transformation and repentance. It helps us recognize our own flaws. Realizing that we have shortcomings and identifying what they are is a sign of entering a new life through transformation.

The Nature of Prayer and Faith

In this event, Mary's intervention (prayer) received an immediate answer. A notable point is that she did not claim any special influence over her Son. She simply told Him, "They have no wine." She did not demand that He fill the lack of wine or dictate how to do it. Real prayer consists of presenting our needs without demanding a specific remedy. The Mother had an unshakable faith that her Son would not reject her plea, for she had already received the assurance from God: "Nothing is impossible with God."

Transforming the Human into the Divine

This event can also be viewed as a parable. The first wine represents the Old Covenant, and the second represents the New Covenant.


Plain water, which has no specific scent, taste, or warmth, representing the 'colorless' or 'dead' state of man, underwent a total change in the presence of Jesus Christ and became something so powerful it could intoxicate. Through the presence of the Lord and by being dedicated to Him, even a dead or plain substance can be transformed.

The wine the Lord transformed here appeared to be mere water to the eye, but in experience, it became superior wine. We read in Genesis: "The Spirit of God was hovering over the waters" (Genesis 1:2). When the Spirit moved over the water, life was created. At Cana, this water was changed into wine. Later, at the Upper Room (Sehion), the Lord transformed wine into His Blood. "This is my blood of the covenant, which is poured out for many" (St. Mark 14:23-24, St. Matthew 26:27-28).

This miracle provides a perfect model for the experience of the Holy Qurbana (Eucharist). Human elements like bread and wine, which look ordinary to the eye, are transformed into the Body and Blood of Christ in experience. This is the same transformation of state that should happen in a person who follows Christ. Outwardly, a Christian may look no different from others, but in experience, they must always be different.

May we be able to transform from a human state to a divine state, a state of holiness, through the observance of this Holy Lent. Like the Holy Mother, may we be able to intervene timely in problems and provide solutions. May we also be able to recognize our own shortcomings. Thus, through this Holy Lent, let us move from a dead state to a living state and be able to transform others as well.

❑



ഫാ. എസ് ഐസക്ക് അന്തരിച്ചു

കുണ്ടറ: മലങ്കര ഓർത്തഡോക്സ് സഭയിലെ കൊല്ലം ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന കുണ്ടറ പെനിയലിൽ ഫാ. എസ് ഐസക്ക് (85) അന്തരിച്ചു.

കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയാണ് മാതൃഇടവക. കൊല്ലം, തിരുവനന്തപുരം, മലബാർ, നിരണം ഭദ്രാസനങ്ങളിൽ വൈദീകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പി. ടി. സാമുവേൽ – അന്നമ്മ സാമുവേൽ ദമ്പതികളുടെ മകനായ ഫാ. എസ്. ഐസക്ക്, 98 വർഷങ്ങൾക്ക് മുൻപ് തഴപ്പായ് നിർമ്മാണത്തിൽ കീർത്തി കേട്ട കരുനാഗപള്ളി തഴവായിൽ നിന്നും ചരിത്രതാളുകളിൽ ഇടം നേടിയ വിളംബരനാട്ടിലെത്തിയ തഴവ വൈദ്യനച്ചന്റെ ചെറുമകനാണ്. പൗരോഹിത്യത്തിനോടൊപ്പം അദ്ധ്യാപകവൃത്തിയും ചേർന്നുള്ള യാത്രയായിരുന്നു. ഇതിൽ 19 വർഷം അധ്യാപക ജീവിതം കുണ്ടറ എം ജി ഡി ഹൈസ്കൂളിലായിരുന്നു.

ഭാര്യ റിട്ട. അദ്ധ്യാപിക ശോശാമ്മ. മക്കൾ. സിജി ഐസക്ക്, സിനി ഐസക്ക്. മരുമക്കൾ. ഡോ. എബി കോശി, ബിനു സ്കറിയ.

സംസ്കാരശുശ്രുഷ കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടക്കും.



കുന്നംകുളം മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയിൽ പുതുതായി നിർമ്മിച്ച മോർ ഓസിയോ ഓപ്പറേഷൻ തിയേറ്റർ സമുച്ചയം വൈസ് പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ കൂദാശ ചെയ്തു. എ. സി. മൊയ്തീൻ എം. എൽ.എ. തിയേറ്റർ സമുച്ചയവും ഡോ. താജ്പോൾ പനക്കൽ (ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഹെൽത്ത്) ജനറൽ ഓപ്പറേഷൻ തിയേറ്ററും, കുന്നംകുളം നഗരസഭാ ചെയർപേഴ്സൺ സൗമ്യ അനിലൻ ന്യൂറോ സർജറി ഓപ്പറേഷൻ തിയ്യേറ്ററും ഉദ്ഘാടനം ചെയ്തു.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

– പ. പരുമല തിരുമേനി

മറുപുറം

മീനിന്റെ മൗനത്തിൽ ജനിച്ച പ്രവാചകൻ

ഫാ. അജീഷ് ബാബു

ദൈവത്തെ ചിരിപ്പിക്കാൻ നമ്മുടെ ഭാവി പരിപാടികൾ ദൈവത്തോട് പറഞ്ഞാൽ മതി, ദൈവത്തെ സങ്കടപ്പെടുത്താൻ ദൈവത്തെ മനപ്പൂർവം മറന്നു നടന്നാൽ മതി. മനപ്പൂർവം മറന്നവരെ അന്വേഷിച്ച് ദൈവം നടക്കുന്നത് അല്പം സങ്കടത്തോടു കൂടിയാണ്. ആ ദൈവസങ്കടത്തിന്റെ ആഴം, ഭാഷ യോനായുടെ പുസ്തകത്തിൽ തെളിഞ്ഞു നിൽപ്പുണ്ട്.

വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ ആവർത്തിച്ചുള്ള പരിശ്രമം, ദൈവത്തിന്റെ സങ്കടത്തിൽ നിന്ന് തന്നെയാണ്. മീൻവയറ്റിലെ യോനാ ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ പരിശ്രമത്തിൽ, ഒരുകൂട്ടം ചിന്തകളാണ് പറയാതെ പറഞ്ഞു വെക്കുന്നത്.


യോനായുടെ പുസ്തകത്തിലെ മീൻവയറ്റിലെ അനുഭവം സാധാരണയായി അത്ഭുതകഥയായോ ശിക്ഷാത്മക സംഭവമായോ മാത്രം വായിക്കപ്പെടാറുണ്ട്. എന്നാൽ സംഭവത്തെ പരിമിതപ്പെടുത്തുന്നത് അതിന്റെ ദൈവശാസ്ത്ര ആഴത്തെ കാണാതെ പോകുന്നതിന് ഇടയാക്കും. യാഥാർത്ഥ്യത്തിൽ, മീൻവയറ്റിലെ അനുഭവം യോനായുടെ ജീവിതത്തിലെ രൂപീകരണ നിമിഷമാണ്. "മീനിന്റെ മൗനത്തിൽ ജനിച്ച പ്രവാചകൻ", യോനാ തന്റെ ദൈവവിളിയെ പുതുതായി ഏറ്റെടുക്കുന്നത് നിനവെയുടെ വഴികളിലോ രാജകീയ വേദികളിലോ അല്ല, മറിച്ച് ജീവിതവും മരണവും തമ്മിലുള്ള ഒരു മൗന ഇടവേളയിലാണ്.

യോനാ ദൈവവിളിയിൽ നിന്ന് ഒഴിഞ്ഞോടുന്നത് വ്യക്തിപരമായ ഭയമോ അലസതയോ മാത്രമല്ല. അത് ദൈവകൃപയുടെ സർവ്വജനീനതയോടുള്ള അവന്റെ ആഭ്യന്തര പ്രതിരോധമാണ്. നിനവെപോലുള്ള ശത്രുസാമ്രാജ്യത്തിന് ദൈവകരുണ ലഭിക്കുമെന്ന ചിന്ത തന്നെ യോനായെ അസ്വസ്ഥനാക്കുന്നു. അതുകൊണ്ടാണ് അവൻ ദൈവസന്നിധിയിൽ നിന്ന് ഒഴിഞ്ഞോടി കടലിലേക്കിറങ്ങുന്നത്. ബൈബിളിൽ കടൽ പലപ്പോഴും കലാപത്തിന്റെയും അക്രമത്തിന്റെയും, നിയന്ത്രണം നഷ്ടപ്പെട്ട ശക്തികളുടെയും പ്രതീകമാണ്. അതിനാൽ യോനാ കടലിലേക്കിറങ്ങുമ്പോൾ, അവൻ ദൈവത്തിൽ നിന്ന് മാത്രമല്ല, ദൈവത്തിന്റെ നീതിബോധത്തിൽ നിന്നുമാണ് ഒഴിഞ്ഞോടുന്നത്.

കടൽഅഗാധത്തിനുള്ളിലെ മറ്റൊരു അഗാധമാണ് മീൻവയർ. അത് ഒരേ സമയം കല്ലറയുടെ പ്രതീകവും ഗർഭത്തിന്റെ പ്രതീകവുമാണ്. അവിടെ യോനായ്ക്ക് പ്രവർത്തനമില്ല, പ്രസംഗമില്ല, പ്രതിരോധമില്ല. പ്രവാചകനെ നിർവചിച്ചിരുന്ന അവന്റെ ശബ്ദം അവിടെ നിശ്ശബ്ദമാക്കപ്പെടുന്നു. എന്നാൽ മൗനം ദൈവത്തിന്റെ അഭാവമല്ല; മറിച്ച് ദൈവത്തിന്റെ ആഴത്തിലുള്ള സാന്നിധ്യമാണ്. ദൈവം മനുഷ്യനെ എല്ലായ്പ്പോഴും വാക്കുകളിലൂടെയല്ല, പലപ്പോഴും മൗനത്തിലൂടെയാണ് രൂപപ്പെടുത്തുന്നത് എന്ന സത്യമാണ് ഇവിടെ വെളിപ്പെടുന്നത്.

യോനാ 2-ലെ പ്രാർത്ഥന അനുഭവത്തിന്റെ കേന്ദ്രത്തിലാണ്. പ്രാർത്ഥന ഒരു ഭയത്തിന്റെ നിലവിളിയല്ല; കടലിൽ മുങ്ങുന്ന നിമിഷത്തിലെ നിലവിളി ഇതിനകം അവസാനിച്ചിരിക്കുന്നു. മീൻവയറ്റിലെ പ്രാർത്ഥന ഒരു ശാന്തമായ തിരിച്ചറിവിന്റെ ഭാഷയാണ്. "ഞാൻ നിന്റെ സന്നിധിയിൽ നിന്ന് അകറ്റപ്പെട്ടു" എന്ന ബോധ്യവും, "നീ എന്റെ ജീവനെ കുഴിയിൽ നിന്ന് ഉയർത്തി" എന്ന രക്ഷാസ്മരണയും ഒരേസമയം അവിടെ നിലനിൽക്കുന്നു. ഈ അകലം സാന്നിധ്യങ്ങളുടെ സഹവാസമാണ് യഥാർത്ഥ പ്രാർത്ഥനയുടെ ദൈവശാസ്ത്ര അടിസ്ഥാനം.

എന്നിരുന്നാലും, യോനായുടെ പ്രാർത്ഥന അസമ്പൂർണ്ണമാണ്. അവിടെ നിനവെയെക്കുറിച്ചുള്ള തുറന്ന പശ്ചാത്താപമില്ല; തന്റെ ദേശീയ നൈതിക വിരോധത്തെക്കുറിച്ചുള്ള വ്യക്തമായ സമ്മതവാക്കുമില്ല. എന്നിട്ടും ദൈവം ഈ പ്രാർത്ഥന സ്വീകരിക്കുന്നു. ഇതിലൂടെ വ്യക്തമാകുന്നത്, ദൈവസന്നിധിയിൽ ആദ്യം ആവശ്യപ്പെടുന്നത് പൂർണ്ണമായ ധാർമ്മിക ശുദ്ധിയല്ല, മറിച്ച് സത്യസന്ധമായ നിലപാടാണ് എന്നതാണ്. ദൈവം യോനായിൽ നിന്ന് സമ്പൂർണ്ണമായ മാറ്റമല്ല, മാറാൻ തയ്യാറായ ഒരു മനുഷ്യനെയാണ് ആദ്യം തേടുന്നത്.



മീനിന്റെ മൗനം പ്രാർത്ഥനയെ ശുദ്ധീകരിക്കുന്നു. ജനങ്ങളോട് സംസാരിക്കാൻ പതിവുള്ള പ്രവാചകൻ അവിടെ ദൈവത്തോട് മാത്രമായി സംസാരിക്കുന്ന മനുഷ്യനായി ചുരുങ്ങുന്നു. ദൈവശാസ്ത്രപരമായി ഇത് ഒരു പ്രവാചക അഴിച്ചുവയ്ക്കൽ (prophetic stripping) ആണ്. ദൈവം ആദ്യം യോനായുടെ പ്രവാചകത്വം നിശ്ശബ്ദമാക്കുന്നു; തുടർന്ന് അവന്റെ അസ്തിത്വത്തെ തന്നെ ദൈവസന്നിധിയിൽ പുനഃസ്ഥാപിക്കുന്നു.

അതിനാൽ മീൻവയറ്റിലെ മൗനം ഒരു ഇടവേളയല്ല; അത് ഒരു ഗർഭകാലമാണ്. ആ ഗർഭത്തിൽ വാക്കുകൾക്കു മുമ്പുള്ള വിശ്വാസവും, പ്രവർത്തനത്തിനു മുമ്പുള്ള അനുസരണവും, പ്രസംഗത്തിനു മുമ്പുള്ള പ്രാർത്ഥനയും രൂപം കൊള്ളുന്നു. യോനാ അവിടെ നിന്ന് പുറത്തുവരുന്നത് ഉത്തരങ്ങൾ കൈവശമുള്ള പ്രവാചകനായി അല്ല, മറിച്ച് ദൈവത്തിന്റെ മൗനത്തിലും വിശ്വസിക്കാൻ പഠിച്ച മനുഷ്യനായി ആണ്.

ക്രിസ്തീയ ദൈവശാസ്ത്രത്തിൽ ഈ അനുഭവം ക്രിസ്തുവിന്റെ മരണം ഉയിർത്തെഴുന്നേൽപ്പിന്റെ പ്രതീകമായി വായിക്കപ്പെടുന്നു (മത്തായി 12:40). എന്നാൽ അതിനപ്പുറം, യോനായുടെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നത്, ഉയിർത്തെഴുന്നേൽപ്പിന് മുമ്പുള്ള നിശ്ശബ്ദതയും കാത്തിരിപ്പും ദൈവപ്രവർത്തനത്തിന്റെ അനിവാര്യഘട്ടമാണെന്നതാണ്. ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ മൗനങ്ങൾക്കും ഇടവേളകൾക്കും ആത്മീയ അർത്ഥമുണ്ട്.

മീനിന്റെ വയറ്റിൽ നിന്ന് പുറത്തേക്കിറങ്ങുമ്പോൾ യോനാ ഒരു "വിജയിച്ച" പ്രവാചകനല്ല. ദൈവകൃപയുടെ പരിധി തന്റെ ദേശാഭിമാനത്തേക്കാൾ വലുതാണെന്ന് അനുഭവപരമായി അറിഞ്ഞ ഒരാളാണ് അവൻ. അവൻ പൂർണ്ണമായി പുതിയ മനുഷ്യനായി മാറുന്നില്ലെങ്കിലും, പുതിയ ദൗത്യത്തിലേക്കുള്ള ആദ്യ പടി അവിടെ നടക്കുന്നു. അതിനാൽ യോനാ നിനവെയിലേക്ക് പോകുന്നത് വിജയം പ്രഖ്യാപിക്കാൻ അല്ല, ദൈവത്തിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ ആണ്.

"മീനിന്റെ മൗനത്തിൽ ജനിച്ച പ്രവാചകൻ', ഒരു ചോദ്യം ഉന്നയിക്കുന്നു: ദൈവം നമ്മെ രൂപപ്പെടുത്തുന്നത് ശബ്ദമുള്ള മതവേദികളിലോ, അല്ലെങ്കിൽ നമ്മൾ ഒന്നും പറയാനാവാത്ത ആന്തരിക മൗനങ്ങളിലോ?.

കടൽത്തീരത്ത് യോനായെ മീൻ എത്തിച്ചശേഷം, മൗനത്തിൽ നിന്ന് മീൻ വായ് തുറന്ന് പറഞ്ഞു: 'ഓർമിക്കാൻ നമ്മുക്കിടയിൽ ഒന്നുമില്ല. പക്ഷേ മറക്കാതിരിക്കാൻ നമുക്കിടയിൽ എന്തോ ഉണ്ട്.!'

❑

ഡോ. സി തോമസ് അന്തരിച്ചു



മസ്ക്കറ്റ്: ഒമാനിലെ പ്രശസ്തനായ സീനിയർ മലയാളി പ്ലാസ്റ്റിക് സർജനും, ഒമാനിലെ പ്ലാസ്റ്റിക് സർജറി സർവീസസിന്റെ മുൻ മേധാവിയും ഒമാനി പൗരനുമായ ഡോ. സി തോമസ് (84 വയസ്സ്) ഫെബ്രുവരി 8 ഞാറാഴ്ച്ച മസ്ക്കറ്റിൽ അന്തരിച്ചു. സംസ്കാരം ഫെബ്രു. 13-നു വെള്ളിയാഴ്ച കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ.

ഒമാൻ സുൽത്താനേറ്റിൽ വൈദ്യശാസ്ത്രം, വിദ്യാഭ്യാസം, സമൂഹ സേവനം എന്നിവയിൽ ശ്രദ്ധേയമായ ഒരു പാരമ്പര്യം അവശേഷിപ്പിച്ച് കൊണ്ടാണ് അദ്ദേഹം വിടവാങ്ങിയത്. 1971-ൽ ഡോ. തോമസ് ഒമാനിലെത്തി, രാജ്യത്തിന്റെ ചരിത്രത്തിലെ ഒരു പരിവർത്തന കാലഘട്ടത്തിൽ മത്രയിലെ അർറഹ്മ ഹോസ്പിറ്റലിൽ (അമേരിക്കൻ മിഷൻ ഹോസ്പിറ്റൽ) ചേർന്നു. 1970-ൽ സുൽത്താൻ ഖാബൂസ് ബിൻ സെയ്ദ് അധികാരമേറ്റ് ആരോഗ്യ മന്ത്രാലയം വഴി സൗജന്യ പൊതുജനാരോഗ്യ സംരക്ഷണം സ്ഥാപിച്ചതിന് ഒരു വർഷത്തിന് ശേഷം, ഡോ. സി തോമസ് രാജ്യത്തിന്റെ മെഡിക്കൽ വികസനത്തിന് പ്രധാന സംഭാവന നൽകി.

1974-ൽ, ഖൗല ഹോസ്പിറ്റലിൽ ഒരു ശസ്ത്രക്രിയ യൂണിറ്റിന് അദ്ദേഹം നേതൃത്വം നൽകി. 1981-ൽ ഒമാനിലെ ആദ്യത്തെ പ്ലാസ്റ്റിക് സർജറി യൂണിറ്റ് അദ്ദേഹം സ്ഥാപിച്ചു. 10 കിടക്കകളുള്ള ഒരു ചെറിയ വകുപ്പിൽ നിന്നും മിഡിൽ ഈസ്റ്റിലെ ഏറ്റവും വലുതും നൂതനവുമായ പ്ലാസ്റ്റിക് സർജറി സൗകര്യത്തിലേക്ക് അദ്ദേഹം അത് വികസിപ്പിച്ചു. ഇപ്പോൾ 80 കിടക്കകളും 23 ഡോക്ടർമാരും ഇവിടെയുണ്ട്.

ഡോ. തോമസിന്റെ അസാധാരണ സംഭാവനകൾ ഒമാൻ ഭരണനേതൃത്വത്തിൽ നിന്ന് അദ്ദേഹത്തിന് ഉയർന്ന ബഹുമതികൾ നേടിക്കൊടുത്തു. 1991-ൽ അന്നത്തെ സുൽത്താൻ ഖാബൂസ് വ്യക്തിപരമായി ഡോ. സി തോമസിന് ഒമാനി പൗരത്വം നൽകി. ഈ ബഹുമതി ലഭിക്കുന്ന ആദ്യത്തെ ഇന്ത്യൻ പൗരനായ ഡോ. തോമസിനും കുടുംബത്തിനും 'ഓർഡർ ഓഫ് ഒമാൻ' (സിവിൽ സർവീസ് അവാർഡ്) യും അദ്ദേഹത്തിന്റെ സേവനത്തിനുള്ള അംഗീകാരമായി ഒരു സ്ഥലവും നൽകി.

അദ്ദേഹത്തിന്റെ നേതൃത്വത്തിൽ, സലാല, സൊഹാർ, നിസ്വ, സൂർ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് സർജറി യൂണിറ്റുകളും സ്ഥാപിക്കപ്പെട്ടു, ഖൗല ആശുപത്രി സുൽത്താൻ ഖാബൂസ് സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും എഡിൻബർഗിലെ റോയൽ കോളേജ് ഓഫ് സർജൻസിന്റെ അംഗീകാരമുള്ളതുമായ ഒരു അക്കാദമിക് കേന്ദ്രമായി മാറി.

കേരളത്തിലെ കൈപ്പട്ടൂരിൽ ജനിച്ച ഡോ. തോമസ് തിരുവനന്തപുരത്തെ ഗവൺമെന്റ് മെഡിക്കൽ കോളജിൽ നിന്ന് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം യു കെ യിലെ ഓക്സ്ഫോർഡ് ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റലുകളിൽ പ്ലാസ്റ്റിക് സർജറിയിൽ വൈദഗ്ദ്ധ്യം നേടി.

ആഗോളതലത്തിൽ ബഹുമാനിക്കപ്പെടുന്ന ഒരു വിദഗ്ദ്ധനായ ഡോ. സി തോമസ് എഫ് ആർ സി എസ്, എഫ് എസി എസ് യോഗ്യതകൾ വഹിക്കുകയും, അസോസിയേഷൻ ഓഫ് പ്ലാസ്റ്റിക് സർജൻസ് ഓഫ് ഒമാന്റെ പ്രസിഡന്റായി സേവനമനുഷ്ഠിക്കുകയും, സ്മൈൽ ട്രെയിനിൽ മിഡിൽ ഈസ്റ്റിന്റെ റീജിയണൽ അഡ്വൈസറായി പ്രവർത്തിക്കുകയും ചെയ്തു. സുൽത്താൻ ഖാബൂസ് സർവകലാശാലയിൽ ക്ലിനിക്കൽ അസോസിയേറ്റ് പ്രൊഫസറായി ഒമാനിലെ മെഡിക്കൽ വിദ്യാഭ്യാസത്തിനും അദ്ദേഹം സംഭാവന നൽകി.

വൈദ്യശാസ്ത്രത്തിന് അപ്പുറം, ഡോ. സി തോമസ് സമൂഹത്തിലും മതപരമായ സംരംഭങ്ങളിലും നിർണായക പങ്ക് വഹിച്ചു, മസ്കറ്റിലും ഒമാനിലുടനീളം നിരവധി ഇന്ത്യൻ ഓർത്തഡോക്സ് പള്ളി സ്ഥാപിക്കാൻ സഹായിച്ചു. മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക സ്ഥാപക അംഗമാണ്.

ഭാര്യ ശാന്തയും രണ്ട് മക്കളായ ഡോ. റ്റെന്നി ജോൺ തോമസും ഡോ. ടെജ്ജി മാത്യു തോമസും ചേർന്ന് അദ്ദേഹത്തിന്റെ ജീവിതം വിവരിക്കുന്ന ഒരു ജീവചരിത്രമായ 'ലെഗസി ഓഫ് എ പ്ലാസ്റ്റിക് സർജൻ' 2020 നവംബർ 17-നു പുറത്തിറക്കി.



കൊല്ലം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട സഭാംഗങ്ങൾക്കുള്ള അനുമോദന സമ്മേളനം കൊല്ലം സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ പള്ളിയിൽ നടന്നു. കൊല്ലം ക്രൈംബ്രാഞ്ച് ഡിവൈഎസ്പി എം. എം. ജോസ് ഉദ്ഘാടനം ചെയ്തു. കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് അധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. പി. ടി. ഷാജൻ, വികാരി ഫാ. ഫിലിപ്പ് തരകൻ, ഓഫീസ് സെക്രട്ടറി ഫാ. എബ്രഹാം വർഗീസ്, ഭദ്രാസന കൗൺസിൽ അംഗം ഡോ. ഡി പൊന്നച്ചൻ, ലാലുമോൻ മഞ്ഞക്കാല മാത്യു ജോൺ കല്ലുമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.



ഡൽഹി ഹോസ്ഖാസ് സെന്റ് മേരീസ് കത്തീഡ്രൽ പ്ലാറ്റിനം ജൂബിലിയുടെ ലോഗോ പ്രകാശനം ഇടവക മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് പ്രകാശനം ചെയ്തു. കത്തീഡ്രൽ വികാരി ഫാ. ഷാജി മാത്യൂസ്, ജൂബിലി കൺവീനർമാർ, കത്തീഡ്രൽ ഭാരവാഹികൾ എന്നിവർ സമീപം.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമി ദ്രോഹിയോ ആയിത്തീരുന്നതല്ല.

– പ. പരുമല തിരുമേനി



ബാംഗ്ലൂർ ഭദ്രാസനത്തിലെ ബാംഗ്ലൂർ റീജിയന്റെ വാർഷിക ബൈബിൾ കൺവെൻഷൻ (മെൽത്തോ 2026) ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സീനോസ് ഉദ്ഘാടനം ചെയ്യുന്നു. മുഖ്യ പ്രഭാഷകൻ ഫാ. ഡോ. അലക്സ് ജോൺ കരുവാറ്റ, ഭദ്രാസന സെക്രട്ടറി ഫാ. സ്കറിയ മാത്യു, ജനറൽ കൺവീനർ ഫാ. ലിജോ ജോസഫ് തുടങ്ങിയവർ സമീപം.



തൃക്കോതമംഗലം സെന്റ് ജയിംസ് ഓർത്തഡോക്സ് പള്ളി ദേവാലയ കൂദാശ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിക്കുന്നു. യുഹാനോൻ മാർ ദീയസ്കോറോസ്, സഖറിയ മാർ സേവേറിയോസ് എന്നിവർ സമീപം.



സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജിൽ RUSA പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച എഡ്യൂക്കേഷൻ തീയറ്റർ, കോളജ് മാനേജർ ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് ഉദ്ഘാടനം ചെയ്തു. തിയേറ്റർ മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ എഡ്യൂക്കേഷൻ തിയേറ്റർ എന്ന പേരിൽ നാമകരണം ചെയ്തു. വടക്കൻ മലബാറിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടതും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഭിമാനസ്തംഭവുമായ സെന്റ് മേരിസ് കോളേജിന്റെ വളർച്ചയിലെ സുപ്രധാനമായ ഒരേടാണിത്. റെസിഡന്റ് മാനേജർ ഫാ. ബേബി ജോൺ കളീക്കൽ, റൂസ കോർഡിനേറ്റർ ഡോ. ബാലകൃഷ്ണൻ പി., അധ്യാപകർ അനദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ സംബന്ധിച്ചു.



അങ്കമാലി ഭദ്രാസന മെത്രാപ്പോലിത്താ യൂഹാനോൻ മാർ പോളികാർപ്പോസിന്റെ ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി കുന്നക്കുരുടി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയിൽ നെല്ലാട് പണിയുന്ന ഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. വികാരി ഫാ. ടിജൊ കുരിയാക്കോസ്, ചാണ്ടി ഉമ്മൻ എം.എൽ.എ. സഹ പട്ടക്കാർ, ട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



നാഗ്പൂർ സെന്റ് തോമസ് സെമിനാരി അദ്ധ്യാപകരും വിദ്യാർത്ഥികളും പ. കാതോലിക്കാ ബാവായോടും മെത്രാപ്പോലീത്താമാരോടുമൊപ്പം.